UNIVERSITY LIBRARY
13 OCT 1948
MADRAS

പാരിജാതം

പുസ്തകം 2.	1124 കന്നി.	ലക്കം 2

മംഗളം.

(പരേതനായ പ്രസിദ്ധകവി, ശ്രീ. കാത്തുള്ളി അച്യുതമേനോൻ.)

മഞ്ജുശ്രീപിഞ്ഛമാലാഞ്ചിതകചഭരവും
ഗോപിയും ശോഭതേടും
മഞ്ജുപ്പൂഞ്ചേലയും ചേർത്താണിവലയരഞ്ഞാൺ-
ക്കിങ്കിണീസംഘമോടും
കുഞ്ഞിത്തൃക്കയ്യിലോടക്കുഴലൊടമൃതം
തോൽക്കുമാറുള്ള വാക്കും
കൊഞ്ചിക്കൊണ്ടങ്കണത്തിൽക്കളിയൊടുവിലസും
ബാലനാലംബനംമേ.

ഗീതാമാഹാത്മ്യം

(ശ്രീ. പി. ഗോവിന്ദമേനോൻ, ബി. എ.)

ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങളിൽ പ്രമുഖമായ ഒന്നാണു ഭഗവൽഗീത എന്നു പരക്കെ സമ്മതിക്കപ്പെട്ട പരമാർത്ഥമാണല്ലോ. ആത്മികാനുഷ്ഠാനങ്ങളുടെ അന്ത്യദശയിലെത്തിയ യോഗിവര്യനും, സാധനയുടെ പ്രഥമകക്ഷ്യയിലേയ്ക്കു പ്രവേശിക്കുന്ന സാധകനും ഗീതയെത്തന്നെ ശരണം പ്രാപിക്കുന്നു. ഓരോരുത്തരുടെ പാകവും പ്രാപ്തിയുമനുസരിച്ച് അവരവർക്കു വേണ്ടുന്നത്ര ആത്മപോഷകദ്രവ്യങ്ങളടങ്ങിയ ആഹാരപദാർത്ഥങ്ങൾ എടുക്കത്തക്ക ഒരു അക്ഷയപാത്രമത്രേ ഈ ദിവ്യോപദേശസംഗ്രഹം.

ആത്മികോപദേശത്തിന് ആവശ്യമായി കരുതിവരുന്ന പ്രശാന്തരമണീയമായ സ്ഥലത്തുവെച്ചൊന്നുമല്ല, യുദ്ധസന്നദ്ധമായ ഇരുസൈന്യങ്ങളുമുള്ള ഒരു രണരംഗത്തിൽവെച്ചാണു ഗീതോപദേശം നടന്നതു്. ഗുരുശിഷ്യസംവാദരൂപേണയുള്ള ഈ ഗ്രന്ഥത്തിൽ 700 ശ്ലോകങ്ങളുള്ളതു ചൊല്ലിത്തീർക്കുവാൻ ഒന്നരമണിക്കൂറിലധികം വേണ്ട. വൻപോർക്കളത്തിൽ വെച്ചുണ്ടായ ഈ 'നിഷ്കാമകാഹളം' ആശ്രമങ്ങളിലും തപോവനങ്ങളിലുമെന്നപോലെതന്നെ നഗരങ്ങളിലും വ്യാപാരരംഗങ്ങളിലും ചെന്നലച്ച്, അവിടെയുമുള്ളവ

രുടെയെല്ലാം ചിന്താതരംഗങ്ങളെ ഉണൎത്തിവിട്ട് അവരുടെ ജീവിതനദികൾക്ക് ഊക്കും ആഴവും ഉണ്ടാക്കിത്തീൎക്കുവാൻ തരംവരുത്തിയതോൎക്കുമ്പോൾ, അതിന്റെ അമേയമഹിമയെപ്പററി ആൎക്കാണ് ആശ്ചൎയ്യം തോന്നിപ്പോവാത്തതു്?

മനുഷ്യൎക്കൊക്കെ സഹായകമായി വരത്തക്കവിധത്തിൽ ഗീതയ്ക്കുള്ള വിശിഷ്ടതയെന്തു്? ഒരിക്കലെങ്കിൽ, മററാരിക്കൽ, ഓരോ മനുഷ്യനും കുരുക്ഷേത്രത്തിൽ വെച്ച് അൎജ്ജുനനുണ്ടായ വിഷാദയോഗംപോലുള്ള അനുഭവം ഉണ്ടാവാതിരിക്കയില്ല. ജന്മാവകാശം നിഷേധിക്കപ്പെട്ട ഒരാൾ അതു വീണ്ടുകിട്ടുവാൻ അദ്ധ്വാനിക്കുന്നതുപോലുള്ള നിലയാണ് മനുഷ്യന്റേതു്. അവന്റെ യഥാൎത്ഥപ്രകൃതി ദൈവികമായതാണ്. എന്നാൽ അനേക കാരണങ്ങളാൽ അവൻ ആ നിലയിൽനിന്നു തെററി പുതിയ ചില ബന്ധങ്ങൾ ഉറപ്പിച്ച്, സ്വാതന്ത്ര്യവിസ്മൃതിയോടുകൂടി കാലയാപനം ചെയ്യുന്ന ഒരു സ്ഥിതിയിലാണ് എത്തിച്ചേൎന്നിട്ടുള്ളതു്. വിട്ടുവിടത്തേയ്ക്കെത്തുവാനുള്ള ഒരു താല്പൎയ്യം അവനിൽ ഒളിഞ്ഞുകിടപ്പുണ്ടു്. താൽക്കാലിക സുഖങ്ങളും ആകൎഷണങ്ങളും ആ പ്രേരണയെ അവനിൽ നിന്നു മറപ്പിക്കുന്നുവെന്നേയുള്ളു. എന്നാൽ ഈ ബന്ധങ്ങളിൽ നിന്ന്, അവ 'ബന്ധുരകാഞ്ചനക്കൂട്'കളല്ലായാൽക്കൂടി, മോചനം നേടുവാൻ ആത്മാൎത്ഥമായി അവൻ ആശിക്കുന്ന ഒരു ഘട്ടം തീൎച്ചയായും വന്നുചേരും. മോചനത്തിനുള്ള ആഗ്രഹം ഒരു വശത്തും, അതിനു വിപരീതമായ വ്യാമോഹങ്ങൾ മറുവശത്തും, ഇങ്ങനെ രണ്ടു ശക്തികളുടെ മദ്ധ്യത്തിലാവും അവന്റെ സ്ഥിതി. കൂട്ടിലിട്ടടയ്ക്കപ്പെട്ട കിളി അതു വിട്ട് അനന്തമായ ആകാശത്തിൽ സ്വച്ഛന്ദം പാടിപ്പറക്കുവാൻ കൊതിച്ചുകൊണ്ടിരിക്കേ, വിചിത്രവൎണ്ണാങ്കിതമായ കൂട്ടിലെ അഴികളുടെ ആകൎഷകത്വത്താൽ മയങ്ങി അവിടം വിടുവാൻ മടിച്ചു മരുന്നതുപോലെ, നിരതിശയാനന്ദനിൎവൃതി കാംക്ഷിക്കുന്ന മൎത്ത്യൻ ഇന്ദ്രിയജന്യങ്ങളായ തുച്ഛസുഖങ്ങൾക്കടിപ്പെട്ടു തൃപ്തിപ്പെട്ടിരിക്കയാണു ചെയ്യുന്നതു്. എന്നാൽ അമൃതത്വം നേടണമെങ്കിൽ ത്യാഗം കൂടാതെ കഴിയുന്നതല്ല. പുത്രദാരാദികൾ, കുടുംബം, പണം, പ്രതാപം, കീൎത്തി എന്നിങ്ങനെ ലൗകികജീവിതത്തിനു പകിട്ടും പ്രേരണയും നല്കുന്ന സംഗതികളിലുള്ള സക്തി ഉപേക്ഷിച്ചാലേ എന്നും നശിക്കാത്ത ദിവ്യാനുഭൂതി നേടുവാനുള്ള പ്രയത്നം ആരംഭിക്കുവാനൊക്കു. മനസ്സിന് ഈ നില കിട്ടുവാൻ കഠിനാദ്ധ്വാനം ആവശ്യമാണ്. പ്രാപ്യസ്ഥാനത്തേയ്ക്കു കുതിക്കുന്ന മുമുക്ഷുവിന്റെ മുമ്പിൽ അണിനിരന്നു നിൽക്കുന്ന ശത്രുക്കൾ നൂററവരെക്കാൾ കനവും കരുത്തും കൂടിയവരത്രെ. ഇവരെ ജയിക്കാതെ ലക്ഷ്യത്തിലെത്തുക സാദ്ധ്യമല്ല. ബന്ധുക്കളുടെ ഭാവത്തിൽ വൎത്തിക്കുന്ന ഈ കൂട്ടരെ അകററുന്നതിൽ, നിരന്തരസാഹചൎയ്യംകൊണ്ട് അവരോട് ഉണ്ടായിത്തീൎന്നിട്ടുള്ള മമത പല പ്രതിബന്ധങ്ങളും വലിച്ചിടുവാൻ നോക്കും. 'കിട്ടിയതു വിട്ടു പറക്കുന്നതിനെ പിടിക്കുവാനുള്ള ശ്രമം' നല്ലതല്ലെന്ന ചില ന്യായങ്ങളും പൊന്തിത്തുടങ്ങും. ഈ വിഷമഘട്ടത്തിൽ, കൎത്തവ്യമെന്തു്, എന്ന സന്ദേഹം മനുഷ്യനെ പിടികൂടുന്നു. അപ്പോഴാണു രണ്ടു കൈകളും നീട്ടി ഗീത അവനെ സഹായത്തിനെത്തുന്നതു്.

ജീവിതവിജയം നിലകൊള്ളുന്നതു് അതിനെസ്സംബന്ധിച്ച സമഗ്രമായ ബോധത്തിൽനിന്നാകുന്നു. ഏതുരംഗത്തിൽ പ്രവൎത്തിക്കുന്നതായാലും ജീവിതത്തിന്റെ സാരമായ വശത്തിന് ഒരിക്കലും വ്യത്യാസം വരുന്നതല്ല; അഥവാ, സാരമായ വശത്തിനു പ്രത്യേക പ്രാധാന്യം കല്പിച്ചുകൊണ്ടുവേണം ഏതു പ്രവൃത്തിയിലും ഏൎപ്പെടുന്നതു്. ക്ഷേത്രത്തിൽ പോകുമ്പോൾ മാത്രം ദേഹശുദ്ധിയിൽ ശ്രദ്ധിച്ചാൽ മതിയാവുമോ? കുറച്ചുനേരം മാത്രം മതി മനഃശുദ്ധി എന്നുവെയ്ക്കാമോ? ബാഹ്യാഭ്യന്തരശുദ്ധിയുടെ പരിപാലനം ഏതു സമയത്തും ഒഴിച്ചുകൂടാത്തതാകുന്നു. അതുപോലെത്തന്നെ ദൈവികസ്വഭാവത്തെക്കുറിച്ചുള്ള സ്മരണയും എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ഈ മാതിരിയുള്ള പരിശീലനത്തിൽ പ്രതിപത്തി സിദ്ധിച്ചാൽ മണവറയ്ക്കാവട്ടെ പട്ടടയ്ക്കാകട്ടെ നമ്മുടെ സമനില ഭേദിക്കുവാൻ ആവാത്ത നിലയിൽ നാമെത്തും. 'പരമാത്മവിചാരജന്യ'മായ 'പരമാനന്ദമരന്ദധാര'യിൽ ജീവിതം 'ആപ്ലു'മാകപ്പെട്ടാൽ പരമസുഖം കരസ്ഥമായി. ഇതത്രേ ഗീതാതത്ത്വം.

ആത്മതത്ത്വത്തിൽ അധിഷ്ഠിതമായ ജീവിതം ലോകകാൎയ്യങ്ങളിൽ ഇടപെട്ടുകൊണ്ടു സാധ്യമല്ലെന്ന ഒരു ബോധം നമ്മുടെ ഇടയിൽ പരക്കെ ഉണ്ടായിരുന്നു. എന്നാൽ കൎമ്മത്തിൽ അകൎമ്മത്തെയും, അകൎമ്മത്തിൽ കൎമ്മത്തെയും ദൎശിക്കുവാനുള്ള ശക്തി നമുക്കുണ്ടാക്കിത്തീൎക്കുകയാണു ഗീത ചെയ്യുന്നതു്, "വിഷ്ടഭ്യാഹമിദം കൃത്സ്നമേകാംശേന സ്ഥിതോ ജഗൽ," എന്ന തത്ത്വം

ശ്രീ

"ഹരിഗീതേശസ്തവം" അഥവാ "ഗുഹാനന്ദലഹരി"

(ശ്രീ. എം. ആർ. കൃഷ്ണയ്യർ, ബി. എ., എൽ. ടി)

—:തുടർച്ച:—

24

ഉരസ്സുരം ദന്താംബരമധുരബിംബത്തി,ലഭയ-
ങ്ങൂരൽകാരുണ്യത്തിന്നകലുഷരസംകൺമുനകളിൽ,
കരത്തങ്കച്ചെന്താമരയിലൊരുവേൽ, കാഞ്ചിയുമണി-
ത്തൊഴക്കെട്ടിൽ, ഗൗരീശപ്രശിശു കളിക്കട്ടെ കരളിൽ.

25

വിശാലോരസ്സിങ്കൽ കനകമണിഹാരങ്ങ,ളമല-
പ്രശാന്താസ്യാബ്ജത്തിൽപ്പുണ്യയുഗവല്ലീവനിത [യിൽ
നിശാതാജ്ഞാശക്തിസ്ഫുരണവുമെഴുന്നാഗ്നിഭവനാം-
വിശാഖൻ, തൽപൂർണ്ണസ്മരണനിലനിൽക്കട്ടെയിവരിൽ.

26

മയിൽപീഠത്തിന്മേലരുണമണിമാണിക്യമകുടവി-
ഭൂഷയിക്കും ശ്രീഭൂതിയൊട്ടമിരിക്കുന്ന ഗുഹനിൽ,
അയി പ്രജ്ഞേ, ജന്മാന്തരദുരിതശാന്തിക്കവിരളം
ലയിച്ചാലും ലക്ഷ്യത്തിന്നു കുറവു തട്ടാതെയിനിമേൽ.

27

'ഗുഹാപാന്ഥാവാസം' ഗുരുതരവിപത്തീതിയിതര-
ക്കഹോ! പാരിൽ ചേർക്കുന്നു തുകരളിലീയെന്റെ രക്ഷ
മഹോദാത്തസാഹത്തോടുംമതരതിമനസ്സാന്തിയതെനി[യോ
ക്കഹോരാത്രം നേരായരുളിട്ടവതുണ്ടത്ഭുതകരം!

28

മനോവ്യാപാരംമേലഹിധരകുമാരാംഘ്രിഭജനാ-
വിനോദച്ഛായാസ്വാദനതികഠിനയത്നം, കടശിയിൽ,
ജനാപേക്ഷാക്ഷേപപ്രവണതഗണിക്കാതെ. സുത
വനാത്സംഗാവാസവ്രതമൊട്ടുവരിക്കട്ടെയടിയൻ(ഭോ

29

അവിശ്വാസംനീങ്ങിഗ്ഗുഹനിലതിയാംഭക്തിവിളങ്ങി
ഭവിച്ചീടുംനേരത്തഭിമതകുമാരന്റെ കൃപയാൽ,
ഭവിക്കുന്നു ഭാഗ്യം, ഭവഭയഹിമാഖണ്ഡപടലം
ദ്രവിക്കുന്നു ദേവപ്രകടതരസന്തുഷ്ടിവെയിലിൽ.

ളുംകൊണ്ടാൽ ലൗകികജീവിതമെന്നും ആത്മികജീവിതമെന്നുമുള്ള രണ്ടു ഖണ്ഡിതങ്ങളായ പിരിവുകൾക്കു സ്ഥാനമുണ്ടാവുന്നതല്ലല്ലോ. അനിത്യമായ ദേഹത്തിൽ അവധ്യനായ ദേഹിയുണ്ടെന്നും, ആ ദേഹിയാണു് യഥാർത്ഥ 'അഹ'മെന്നും അനുഭവം വന്നാൽ മാത്രാസ്പർശങ്ങളായ ശീതോഷ്ണസുഖദുഃഖാദികൾക്ക് ആരെ ചലിപ്പിക്കുവാൻ സാധിക്കും? 'നായം ഹന്തി ന ഹന്യതേ'—ആരും കൊല്ലുന്നില്ല, കൊല്ലപ്പെടുന്നതുമില്ല— എന്ന ഉപദേശം ഹിംസയ്ക്കും അഹിംസയ്ക്കും അതീതമായ ഒരു നിലയാണു കുറിക്കുന്നതെന്നുള്ളതു വ്യക്തമാണല്ലോ. ദുർന്നിഗ്രഹവും ചലവുമായ മനസ്സിനെ അഭ്യാസവൈരാഗ്യങ്ങൾകൊണ്ടു വശത്താക്കണമെന്നു ഭഗവാൻ സുവ്യക്തം ഉപദേശിച്ചിരിക്കുന്നു. മനോനിഗ്രഹം സാധ്യമായാൽ സർവ്വസംശയങ്ങളും നീങ്ങുകയും ചെയ്യും. ആഹാരം, വിഹാരം, നിദ്ര, ജാഗരം തുടങ്ങിയ എല്ലാററിലും നിയതമായ യുക്തിബോധം ഉള്ളവനേ യോഗിയാകുവാനർഹതയുള്ളൂവെന്നാണു ഗീതാനുശാസനം. ആത്മബോധസമ്പാദനമാണു മനുഷ്യന്റെ പ്രധാനകർത്തവ്യം.

സർവ്വഭൂതാശയസ്ഥിതമായ ആത്മാവിൽ എത്തിച്ചേരത്തക്കവിധമായിരിക്കണം നമ്മുടെ സർവ്വകർമ്മങ്ങളും എന്നു് അടിയ്ക്കടി നമ്മെ ഉപദേശിച്ചു്, ആ വിധമുള്ള ഒരു ജീവിതചര്യയ്ക്കു നമ്മെ സർവ്വപ്രകാരേണയും അർഹരാക്കത്തക്ക പ്രസാദനം നൽകി, ക്ഷുദ്രമായ ഹൃദയദൗർബല്യം വെടിഞ്ഞു സധീരം പ്രവർത്തിക്കുവാൻ വഴി കാട്ടിത്തരുന്ന ഗീതയുടെ മാഹാത്മ്യം അദ്വിതീയമെന്നുമാത്രമേ പറയുവാനുള്ളൂ. ജ്ഞാന, ഭക്തി, കർമ്മ, യോഗങ്ങളുടെ സമഞ്ജസമായ സമ്മേളനമാണു ഗീതയിൽ കളിയാടുന്നതു്. ശ്രീയും വിജയവും കരഗതമാകുവാനുപകരിക്കുന്ന ഈ അമൃതം സർവ്വോത്കർഷേണ വിളങ്ങുമാറാകട്ടെ! ഗീതാമാഹാത്മ്യം ഉൾക്കൊള്ളുവാനുള്ള കാംക്ഷയും കഴിവും ജനങ്ങളിൽ ഉത്തരോത്തരം വർദ്ധിച്ചു വിലസട്ടെ!! സർവ്വത്ര ശാന്തി നടമാടട്ടെ!!!.

30

രമിക്കുന്നു ചിത്തം മമ, രജതവല്ലീരമണസാ-
ഭ്രമിശ്യാമാപാംഗഭ്രമരകളഭംഗിക്കളികളിൽ;
ശമിക്കുന്നു ശങ്കാഭയഹൃദയശല്യങ്ങളിരുള-
സ്തമിച്ചാരാൽ കാണുന്നിതു കനകദീപക്കതിരുകൾ.

31

സുരപ്പൂന്തോട്ടത്തിൽ, സുരജനകമന്ദാരസുമനോ-
ഹരച്ഛായയ്ക്കുള്ളിൽ, സുരുചിരമയിൽപ്പീഠമണിമേൽ,
ശരദ്രാകാചന്ദ്രപ്രഭ തേവി, വല്ലീവിബുധവി-
സ്ഫുരൽസേനാപൂർവ്വം വിലസുമൊരു വേലായുധ, തൊഴാം.

32

അയി, സ്കന്ദ, സ്വാമിൻ, സ്വയമഥിയൊരാദ്ധ്യാത്മിക [കലാ-
ശ്ലോകയിർത്ത്യാഗം ചെയ്തും ഗുരുകലകുമാരന്റെനിലയിൽ,
ജയിക്കേണ്ടുംകാലത്തിരുവശവുമാരാവധു, മാറാ-
മയിൽപ്പീഠത്തിന്മേലഹ! ഹ! മരുവുന്നുണ്ടുമടിയിൽ.

33

മദാന്ധത്വാലോരോമലിനതരചിന്താജനകമാ-
മദാന്തഃപ്രക്ഷോഭം പ്രതിപദമുദിക്കാതെയടിയൻ,
ചിദാനന്ദാകാര, പ്രണവമന്ത്രസാരപ്രഭവമാം-
പദാബ്ജത്തിൻധ്യാനപ്പുഴയിൽ മുഴുകീടട്ടെ മുഴുവൻ.

34

ഒഴുക്കിൽക്കൂടെല്ലാച്ചെളികളുമൊലിച്ചോടിവഴിതെ-
ല്ലുഴക്കെന്യേകാണർമ്മൂ, വലിയമഴവെള്ളക്കളികളിൽ;
തൊഴുംഭക്തക്കെത്തുന്നരിയദുരിതവ്യാധിനിലവും
മുഴക്കെപ്പോകുന്നു ഗുഹനുടെകൃപാവൃഷ്ടിധാരിയിൽ.

35

പ്രമർദ്ദിക്കുന്നല്ലോ പ്രതിദിവസമെന്നെപ്രബലമാ-
യമർഷാശാദംഭാമയമുഖമനോവ്യാകുലതകൾ;
സമർത്ഥത്വൽപാദസ്തുതിയിലവതീയിൽത്തുണികൾ പോ-
ലമന്ദശ്രീവൈശ്വാനരഭവ, കരിഞ്ഞീടണമുടൻ.

36

ചരിക്കട്ടെ മൽച്ചേവടികൾ തിരുമുറ്റത്തു, പരമു-
ച്ചരിക്കട്ടെ നാമാവലി വരരസനാഗ്രം, മിഴികളിൽ
സ്ഫുരിക്കട്ടെ രൂപം തവ, കുസുമപൂജാപരിമളം
ധരിക്കട്ടെ ഘ്രാണം, ശ്രവണയുഗവും ത്വൽക്കഥകളെ.

37

കുമാരൻ മാതാ, വാണീമരജനസേനാപതി പിതാ,
ഉമാപുത്രൻ ജ്യേഷ്ഠൻ, വനമൃഗവല്ലീശനനുജൻ,
സമാരാദ്ധ്യസ്കന്ദൻ മമ ഗുരു, സതീർത്ഥ്യൻ ശിവസുതൻ,
പ്രമാണം മേ ഷാണ്മാതുരനിറമെന്റെ പ്രാപ്യനിലയം.

38

മരിക്കുംനാളെന്നാണിതിബത! മനഃപീഡകബലീ-
കരിക്കുന്നുണ്ടെന്നെസ്സതതമിഹ കാലാന്തകസുത!
ഹരിച്ചാലും തത്താദൃശഭയമശേഷം തവകൃപാ-
സരിൽത്തീർത്ഥം താവും കളിരൊട്ടുതളിച്ചെന്റെ തലയി- [ൽ.

39

വിഭക്തിക്കും, വേലായുധ, വിഭവശക്തിക്കു, മനഘ-
പ്രഭയ്ക്കും, പ്രഖ്യാതപ്പളനിബഹുമതിക്കും, വസുധയിൽ,
സുഭദ്രാവസ്ഥയ്ക്കും വിനതിയുളവാകുന്നുടമനോ-
നഭസ്സിൽത്താവകത്തിരുമണി വിലസിടട്ടെയിനിമേൽ.

40

ഭവാനോടൊത്തൈക്യം തുടർവതിനപേക്ഷിപ്പതു മഹാ-
ദിവാസ്വപ്നച്ഛായാവിഷയനയമാണെന്നറിവതുമോ?
ശിവാനന്ദാദ്വൈതപ്രഥിതമതസിദ്ധാന്തഗുരുവാ-
ണവാച്യശ്രീഷാണ്മാതുരനുപനിഷൽസൂക്തിവിധി- (യാൽ.

41

അവശ്യാനുഷ്ഠാനവിധിയിവനനുവർത്തിച്ചു, മസകൃൽ
സുവർണ്ണാത്മജ്ഞാനസ്ഫുരണധനമാർജ്ജിച്ചുമൊടുവിൽ
ഭവക്ലേശം മാറുമ്പൊഴുതടിയനദ്ധ്യാത്മപരമാം-
ഭവത്സായൂജ്യത്തെത്തരിക തരസാ താരകരിപോ!

കൈകണ്ട മരുന്നുകൾ.

രക്തവാതത്തിന്നും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.

രക്തവാതം ഏഴേഴു ദിവസംകൊണ്ടും കണ്ഠമാല ഒരൊററ മാസംകൊണ്ടും സുഖപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

എ. എൻ. ഭട്ട, **Chittur-Cochin.**

എന്റെ സാഹിത്യസ്മരണകൾ.

(ശ്രീ. പി. വി. കൃഷ്ണവാരിയർ.)

X

സാഹിത്യപരിശ്രമം പിന്നീട് ഒരിക്കലും ഞാൻ തീരെ വിട്ടിരുന്നില്ല. 1077ഒടുവിൽ 'രസികരഞ്ജിനി'യുടെ ആരംഭത്തിനുവേണ്ടി കുഞ്ഞിക്കുട്ടൻതമ്പുരാൻ ഇവിടെനിന്നു് പ്രാകൃതവും, ഒന്നാം ലക്കത്തിലേക്ക് ഒരു മംഗളശ്ലോകവും, വേറെ എന്തെങ്കിലും ഒരു കൃതിയും എഴുതിക്കൊടുക്കണമെന്നു സന്ദേശം കല്പിച്ചിരുന്നു. അതുപ്രകാരം ഞാനൊരു മംഗളവും, ഒരു പഞ്ചകവും എഴുതിക്കൊടുക്കുകയും ചെയ്തു. തമ്പുരാൻ എറണാകുളത്തെത്തിയപ്പോഴേയ്ക്ക് ഒന്നാംലക്കത്തിന്റെ പണി അപ്പൻതമ്പുരാൻ അവിടെ ആരംഭിക്കുകയും, ഒറവങ്കരരാജന്റെ മംഗളം ചേർത്ത് ഒന്നാം ഫോറം അച്ചടി കഴിയുകയുംചെയ്തിരുന്നു. അതുനിമിത്തം എന്റെ പഞ്ചകംമാത്രമേ അതിൽചേർക്കുവാൻ തരപ്പെട്ടുള്ളു. മംഗളം രണ്ടാം ലക്കത്തിലേക്ക നീട്ടിവെച്ചു. അന്നു ഞാനയച്ച 'പാർവ്വതീസ്തവപഞ്ചകം' അഥവാ 'ഒരു ശബ്ദാലങ്കാരപരീക്ഷ' എന്നകൃതിയാണ് താഴെചേർക്കുന്നത്:—

"പദാംബുജയുഗം പരം പണിയുവോർക്ക് പാപാപഹം
പദാംപരിചൊടേകിടും പരമദൈവമേ! പാർവ്വതി!
പദം പലപദാർത്ഥവും പരിചയിച്ചു പാണ്ഡിത്യസം-
പദം മമ വരുത്തുവാൻ പരമനുഗ്രഹിക്കേണമേ. 1
ഭവാംബുധിഭവം മഹാഭയമൊഴിപ്പതിന്നെപ്പൊഴും
ഭവാംബുജഭവാച്യുതപ്രഭൃതിദേവതാസേവിതം
ഭവാനി! ഭവദീയമാം ചരണപങ്കജം പങ്കസം-
ഭവാമയമൊഴിച്ചുനൽകണമനുഗ്രഹിക്കേണമേ. 2
വിടാദികളൊടൊത്തുചേർന്നിടവിടാതെകണ്ടെന്റെ കൈ-
വിടാതൊരുവിധത്തിലാവിഷയവിസ്തൃതാംഭോധിയിൽ
വിടാതെവിവിധാർത്തിയാൽവിവശനാകുമെന്നുള്ളിൽമേ
വിടാൻവിധിവിലെത്തുമേവിഷമമെന്റെവിശേശപരി! 3
കുലാചലകുലാധിപൻ കുലമലങ്കരിച്ചുള്ള പെൺ-
കുലാമലമണേ! മഹാമഹിതമാരമാഹാത്മ്യമേ!
കുലാകലിതദൈവമേ! കുശലമേറെമേ മാനസാ-
കുലാവലിയൊഴിച്ചുമേ! ചിരമമേയമേകേണമേ. 4
കടാക്ഷകലകൊണ്ടുതാൻ ജനതയെബ്ഭവാഭിഖ്യമൽ-
കടാംബുധികടത്തിടും കനിവെഴുന്നകാമേശപരി!
കടാക്ഷലവമൊന്നു വിട്ടടിയനുള്ള സംസാരസം-
കടാവലികളഞ്ഞിടാൻ കഴലിണയ്ക്കിതാ കൈതൊഴാം. 5

വൈദ്യവിചക്ഷണനും, സാഹിത്യനിപുണനുമായിരുന്ന ശ്രീ. എം. കുഞ്ഞൻവാരിയരും ഞാനും കൂടി ഒരിക്കലുണ്ടായ വാദത്തിന്റെ ഫലമായുണ്ടാക്കിയതാണ് ഈ ശബ്ദാലങ്കാരപരീക്ഷ.

രസികരഞ്ജിനി 1078 പുക്ക ചിങ്ങത്തിലാരംഭിക്കുമെന്നു പറഞ്ഞിരുന്നപ്രകാരം കാണായ്കയാൽ തമ്പുരാനു ഞാനിങ്ങനെ ഒരു കത്തെഴുതി:—

1 "മലയുടമകളേ! നിൻകഴൽ-
മലരിണസുകരാംബര! സ്മരിച്ചെന്നാൽ
അചൂതമായാനിഗളേ
വലയുകയില്ലതുമംബ! കംബുഗളേ!
2 തെല്ലെന്നാന്തമവിടുന്നു വരുത്തിയേവം
കല്ലൊന്നു പൃത്ഥിയിലുൽക്കടമായ് കടിപ്പാൻ
വല്ലെങ്കിലും വഴിയെടുത്തുമത്രനന്നാ-
യില്ലെന്നു കവിവ്രജമണേ! മതമീവിധംമേ.
3 അത്രെട്ടു കഴിഞ്ഞതുകഴിഞ്ഞിനിയെങ്കിലുംകാ-
ണട്ടെ ക്രമത്തിലവിടുത്തെ മിടുക്കസാരം;
ഒട്ടേറിടും തിരുമടികെഴുമൂക്കൊരല്പം
വിട്ടെക്ഷണം രസികരഞ്ജിനി സഞ്ജനിക്കൂ.
4 അങ്ങെന്നതപ്പുഥപലന്ന മനോരമാംഗ-
മങ്ങുന്നതന്ദ്രമണിയിപ്പതിനല്പമെന്യേ
പൊങ്ങുന്നമോദമൊടു തീർത്തുകൊടുത്ത ഭംഗി-
തിങ്ങുന്നപദ്യമണിമാല്യമതുല്യമല്ലോ.
5 ശങ്കുണ്ണിയാം തവസഖാവതിനാശു പിന്നെ-
ത്തങ്കുന്നമോദമൊടൊരുത്തരപത്രമേകി;
ഞാൻകണ്ടതാൽകൃതിചമൽകൃതിയക്കൃതീന്ദ്രൻ
തൻകയ്യിലുള്ളതിനു നീക്കമൊരിക്കലുണ്ടോ?
7 ചൊല്ലേറെയുള്ളൊരു പംക്തിയിലൊന്നിൽഞാനു-
മേതാനസമസ്യ മഴമിച്ചതയച്ചിരുന്നു;
ജാതാനുവത്സലതയെന്നിലെഴും കവീന്ദ്ര-
വ്രാതോജ്ജ്വലന്മകുടമേ! മതമെന്തതിൽതേ?

"മലയാളമനോരമ"യിൽ കവിതാകോലാഹലം ഇടയ്ക്കു നിർത്തിവെച്ചിരുന്നു എങ്കിലും ഈ പറഞ്ഞകാലത്തു കുഞ്ഞിക്കുട്ടൻതമ്പുരാൻ കവികളെ വീണ്ടും ഇളക്കിവിടുവാൻ തക്ക ഒരു കവിത പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനു കൊട്ടാരത്തിൽ ശങ്കുണ്ണി ഒരു മറു

പടിയും എഴുതി. ആ രണ്ടു കൃതികൾ എന്താണെന്ന് ഇപ്പോൾ എനിക്കോർമ്മയില്ല. "എഡ്വേർഡ് മഹീപതി ജയാൽസുഖമാന്നിടട്ടെ" എന്നൊരു സമസ്യ വലിയകോയിത്തമ്പുരാൻ "മനോരമ"യിൽ ചേർത്തിരുന്നു. അതിന്നു ഞാനയച്ചിരുന്ന ഒരു പൂരണമാണിവിടെ സൂചിപ്പിച്ചത്.

“ഉദ്ദേലമുൾക്കനിവെഴും ഹരി തൻകടാക്ഷാ-
ലുദ്വേഗമൊക്കെയുമൊഴിഞ്ഞുതെളിഞ്ഞു നിത്യം
സദാവത്സലൻ സകലലോകഹിതത്തിനേഴാ-
“മെഡ്വേർഡ്മഹീപതി”ജയാൽസുഖമാന്നിടട്ടെ.”

ഇതായിരുന്നു എന്റെ പൂരണം. രഞ്ജിനിയുടെ രണ്ടാംലക്കത്തിൽ ചേർത്തിട്ടുള്ളതും, മുമ്പു സൂചിപ്പിച്ചിട്ടുള്ളതുമായ എന്റെ മംഗളപദ്യം ഇതാണ്:—

“കുന്നിപ്രായംകുറിക്കും തവ കുളുർമുലയിൽ-
ക്കൂട്ടുവാനീശപത്നി-
കുന്നിൻകൂട്ടങ്ങൾ കുത്തിക്കുറെയൊരു കുഴിയാ-
ക്കിലയോ കുന്ദബാണൻ;
കുന്നിക്കുംകൌതുകംതാൻ ശിവനതിനു കുചം-
കുന്നുചാർത്തിക്കൊടുക്കും
കുന്നിൻകന്യേ! കുരുക്കുംകുതുകമൊടു കുറ-
ച്ചാലുമെൻകുന്നുഭാവം.”

മേൽപ്രസ്താവിച്ച എന്റെ കത്തിന്നു തമ്പുരാൻ ഒരു മറുപടിതന്നതുംകൂടി ഈ സന്ദർഭത്തിൽത്തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ.

എറണാകുളം- 12 ചിങ്ങം 73.

1 മതിക്കീറണിഞ്ഞോരു വീരന്നുവീണ്ടും
മതിക്കീറനാം മാരമാലേകുമോവാളേ!
പതിക്കാശനൽകുന്ന നിൻഭക്തിലേശം
പതിക്കാശയത്തിങ്കലൊന്നാൽ ജയിച്ചു.

2 കിട്ടി താനെഴുതിവിട്ടുക, ത്തതിൽ-
ത്തട്ടിവിട്ട കവിതാംശമാകെയും,
പിട്ടിതെന്നുകരുതേണ്ട, സമ്മത-
പ്പെട്ടിതേററവുമെനിക്കു ‘മപ്പനും.’

3 ഏടരെപ്പിഴയെന്നു ചിങ്ങമാസ
ത്തുടരും മാസികയെന്നമാത്രമല്ല
തുടരുന്നപരസ്യമല്ലോ? തെററായ്
ത്തുടരുന്നില്ലിഹ ഞങ്ങളിപ്പോളൊന്നും.

4 “പുത്തരിയിൽക്കല്ലുകടി”-
ച്ചിത്തിരിവൈരസ്യമേകിയെന്നാലും
സത്യവെടിപ്പാക്കാനാ-
ണുദ്യമമിഹാതമിപ്പിടിച്ചുവാക്കൊക്കെ.

5 മദ്യമനൃത്യംവദിക്കും,
മദ്യദിനന്ദസികങ്ങിപിപ്പറഞ്ഞുകോ
എത്തുംപടിനടവടിയുട-
നൊത്തുപിടിച്ചിട്ടു സകലവുംതീർത്തു.

6 വ്യവഹാരമാല, ലീലാ-
തിലകം, മാതംഗലീലയുടെ ഭാഷ,
വടിവൊടിത്തുമൂന്നതോരുപുറ-
മെഴുതുകവർ നിർത്തിയപ്പടിവിധത്തിൽ.

7. ധൃതികൂട്ടിയൊഴിഞ്ഞതുമൊവലുമൊവണ്ടാ
പതിവായിട്ടൊരുപാതിപത്രമാത്രം
മതിവെള്ളപകർത്തീട്ടുമൊപ്പോന്നാൽ
മതി, നമ്മൾക്കതിൽമൊവണ്ടതപ്പോളങ്ങോം.

ഈ കത്തിൽ കാണുന്ന “അപ്പൻ” സാക്ഷാൽ അപ്പൻതമ്പുരാൻ തന്നെയാണെന്നു സ്പഷ്ടമാണല്ലോ. ‘ലീലാതിലകം’ മുതലായ ഗ്രന്ഥങ്ങൾ പകർത്തുവാൻ അക്കാലത്തു എനിക്കു ശേഷം സമയമില്ലായ്കയാൽ പിന്നീടു തമ്പുരാന്റെ കയ്യിൽ തിരിച്ചുകൊടുക്കുകയും, അവിടുന്നതു് എറണാകുളത്തേക്കു കൊണ്ടുപോയി അപ്പൻതമ്പുരാനെ ഏല്പിക്കുകയും, ആ വഴിക്കതു ചോർന്നുപോയി അക്കാലത്തു സാഹിത്യലോകത്തിൽ ഒരു കലക്കം തന്നെ ഉണ്ടാവുകയുംചെയ്തിട്ടുണ്ട്. ഇതിനെപ്പററി 1940 സെപ്തംബർ 22-നു-ത്തെ ‘മാതൃഭൂമി’ ആഴ്ചപ്പതിപ്പിൽ ഞാൻ വിസ്തരിച്ചൊരു ലേഖനംതന്നെ ഒരിക്കൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ ചുരുക്കം താഴെ കാണിക്കാം.

പ്രാരംഭമായിട്ടുള്ള വിദ്യാഭ്യാസം മതിയാക്കി ഞാൻ സ്വഗൃഹത്തിൽത്തന്നെ താമസിക്കുമ്പോൾ 1077ലെ നവരാത്രിക്കാലത്തു് പൂജവെപ്പിന്നു തറവാട്ടുവക ഗ്രന്ഥങ്ങൾ എടുത്തു പരിശോധിക്കുന്നതിനിടയ്ക്കു കണ്ടു കിട്ടിയതാണ് “ലീലാതിലകം” എന്നപേരിൽ സംസ്കൃതഗദ്യത്തിലെഴുതിയ ഭാഷാശാസ്ത്രഗ്രന്ഥം. അതൊന്നു വായിച്ചുനോക്കിയപ്പോൾ ആ അപൂർവ്വഗ്രന്ഥം അതുവരെ ആരും കാണുമാൻ കഴിഞ്ഞിട്ടില്ലെന്നു് എനിക്കു മനസ്സിലായി. അതിന്റെ വിശേഷത്തെപ്പററി കുഞ്ഞിക്കുട്ടൻതമ്പുരാനോടു പ്രസംഗവശാൽ പറഞ്ഞതിനാലാണ് അവിടുന്നു ആ ഗ്രന്ഥം പകർത്തിക്കൊടുക്കുവാനാവശ്യപ്പെട്ടതു്. അതു പകർത്തുകൊടുക്കുവാൻ എനിക്കു സമയം കിട്ടാഞ്ഞതുകൊണ്ടു ഗ്രന്ഥംതന്നെ തമ്പുരാന്നു കൊടുക്കുകയും, ഉടനെ അതു അപ്പൻതമ്പുരാന്റെ

കയ്യിലാവുകയും ചെയ്തു. അദ്ദേഹം അതിൽനിന്നു ചില ശ്ലോകങ്ങളും രഞ്ജിനിയിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ കയ്യിലായിവന്നതിനിടക്കു ഗ്രന്ഥം തിരികെ തരുവാൻ ഞാൻ നിർബ്ബന്ധിച്ചുതുടങ്ങിയപ്പോൾ അപ്പൻതമ്പുരാൻ ഒന്നെഴുതുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാനെ നിർദ്ദേശിച്ചു. അതിന്നനുസരിച്ചു ഞാനെഴുതി അയച്ച കത്തിന്നു കിട്ടിയ മറുപടി ഇതായിരുന്നു.

ശ്രീ. തൃശ്ശിവപേരൂർ,
8,-4-10

ഞാൻ ഇന്നാലെ അയച്ചിട്ടുണ്ടായിരുന്ന എഴുത്തിലെ വർത്തമാനം അറിഞ്ഞിരിക്കുമല്ലോ ഇനി വേണ്ടതിന്നു എഴുത്തു കാത്തിരിക്കുന്നു.

'ലീലാതിലകം' വായിച്ച് അർത്ഥമുണ്ടാക്കി സംസ്കൃതവാക്യം തർജ്ജമചെയ്തുവരുന്നു.

ഇതച്ചടിക്കുന്ന സമയത്തു കൃഷ്ണവാരിയരുടെ മുന്നവകാശത്തെ മറക്കുന്നതല്ല.

അപ്പൻതമ്പുരാൻ (ഒപ്പ്)

ഇതുകിട്ടിയപ്പോൾ തല്ക്കാലം ഞാൻ സമാധാനിച്ചിരുന്നു. ഇതിന്നുശേഷം ദേശമംഗലത്തുനിന്നു പുറപ്പെട്ടു തുടങ്ങിയ മംഗളോദയം മാസികയുടെ ഒന്നാം പുസ്തകം 1084 മീനത്തിലെ 5-ാം ലക്കത്തിൽ "നിവേദനം" എന്ന തലക്കെട്ടിൽ താഴെ ചേർക്കുന്ന കുറിപ്പോടുകൂടി ലീലാതിലകത്തിന്റെ ഭാഷ പ്രസിദ്ധപ്പെടുത്തിക്കണ്ടു.

"ഇതിന്നു താഴെ ചേർക്കുന്ന ലീലാതിലകം കേരളഭാഷാസാഹിത്യത്തെസ്സംബന്ധിച്ച ഒരു പ്രാചീനഗ്രന്ഥമാണ്. ഇതിൽ സംസ്കൃതവാക്യങ്ങളായിട്ടുള്ള ഭാഗങ്ങളെ മലയാളത്തിൽ തർജ്ജമചെയ്ത് ഈ മാസികയിൽ ഖണ്ഡംഖണ്ഡമായി പ്രസിദ്ധപ്പെടുത്തുവാനും ഒടുവിൽ പുസ്തകമാക്കുവാനും ഞങ്ങൾ വിചാരിക്കുന്നു. സഹൃദയന്മാരായ വായനക്കാർക്ക് ഇതു രുചിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

മം. പത്രാധിപർ"

ഇതിൽ ലീലാതിലകത്തിന്റെ ആഗമത്തെപ്പററി ഒരു ശബ്ദംപോലുമില്ലായ്കയാൽ പിന്നീടു കുഞ്ഞിക്കുട്ടൻതമ്പുരാനെ കണ്ടപ്പോൾ ഞാൻ കുറച്ചു പരിഭവം പറഞ്ഞു. "ഇതു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തുമ്പോൾ അതിന്റെ അവതാരികയിൽ സകല വിവരങ്ങളും സവിസ്തരം പറയാമെന്നു വെച്ചിരിക്കയാണ്". എന്നു പറഞ്ഞ് അവിടുന്നെന്നെ സമാധാനപ്പെടുത്തി. 1085 കന്നിയിലെ 11-ാം ലക്കത്തോടുകൂടി ഒന്നാം ശില്പംമുഴുവനും പ്രസിദ്ധപ്പെടുത്തിക്കഴിയുകയും, അപ്പോൾ ഇനിയുള്ള ശില്പങ്ങൾ മാസികയിൽ ചേർക്കണമെന്നുദ്ദേശിക്കുന്നില്ലെന്നും, "അധികം താമസിക്കാതെ ഈ ഗ്രന്ഥം പുസ്തകരൂപേണ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണെ"ന്നും ഒരു കുറിപ്പുകൂടി പ്രസിദ്ധപ്പെടുത്തുകയും ചെയ്തതായിക്കണ്ടു. ഇതുകൊണ്ടൊന്നും സാഹിത്യലോകത്തിൽ പ്രശാന്തതക്കു ഭംഗം വന്നിട്ടില്ല. 1086ൽ വെച്ചുണ്ടായി നടന്ന ഭാഷാപോഷിണിയോഗത്തിൽ അദ്ധ്യക്ഷനായിരുന്ന വലിയ കോയിത്തമ്പുരാൻ തിരുമേനി "അപ്പൻരാജാവിന്റെ കൈവശമുള്ള ലീലാതിലകവും മററു—" എന്നു അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. ഈ ഘട്ടത്തിലും, കൈവശക്കാരന്റെയല്ലാതെ ശരിയായ ഉടമസ്ഥന്റെ ശബ്ദമില്ല. ഏതായാലും ഗ്രന്ഥം തിരിച്ചുവാങ്ങുവാൻ ഇനിയും താമസിക്കുകയല്ല നല്ലതെന്നു നിശ്ചയിച്ച് അപ്പൻതമ്പുരാന്നും ഒരെഴുത്തെഴുതി അയച്ചു. അതിന്നുകിട്ടിയ മറുപടി അപ്പൻതമ്പുരാന്റെ സ്വഹസ്താക്ഷരത്തിലോ ഒപ്പോടുകൂടിയോ അല്ലായിരുന്നു എന്നു മാത്രമല്ല, ആശയം അവിടുന്നെഴുതിയതിന്നു നേരെ വിപരീതവുമായിരുന്നു. അതുകൂടി കണ്ടപ്പോൾ എന്നോട് ഗ്രന്ഥം വാങ്ങിയ ആളെ—കുഞ്ഞിക്കുട്ടൻതമ്പുരാനെത്തന്നെ—ഞാൻ തിട്ടക്കി. ഈ ഘട്ടത്തെപ്പററി ആഴ്ചപ്പതിപ്പിൽ ഞാൻ മുമ്പു പ്രസിദ്ധപ്പെടുത്തിയതുതന്നെ ഇവിടെ ഉദ്ധരിക്കുകയാണു നല്ലത്. "കാര്യസംബന്ധമായ ചില വഴക്കുകളാൽ മദ്ധ്യകേരളം കുറെ ക്ഷോഭിച്ച ഒരു ഘട്ടമായിരുന്നു അത്. ഈ ക്ഷോഭം പുറത്തേക്ക് അത്ര കലശലായിരുന്നില്ലെങ്കിലും അകത്തെ എരിച്ചിലും പുകച്ചിലും അസാദ്ധ്യമായിരുന്നു എന്ന് അറിയുന്നവർക്കറിയാം. അന്നത്തെ ആ ക്ഷോഭത്തിന്റെ ഒരു പ്രതിഫലനമായിരുന്നു ഇവിടെനിന്നു പ്രസിദ്ധപ്പെടുത്തിയ 'ഞങ്ങളുടെ വാസ്തവം' എന്ന ലഘുപത്രികയും, ധന്വന്തരിയിലെ ചില ലേഖനങ്ങളും ഈ സന്ദർഭത്തിൽ കേരളത്തിലെ സുപ്രസിദ്ധസാഹിത്യകാരന്മാരിൽ ചിലർ എനിക്കെഴുതി അയച്ച കത്തുകൾ ഇന്നും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. ഇതുമാത്രമല്ലാതെ, ഈ ഒരു പ്രകൃതം ഇതിലധികം വിസ്തരിക്കുവാൻ ഞാനിപ്പോൾ വിചാരിക്കുന്നില്ല"*

---

* ഇതിൽ പറയുന്ന പ്രധാന കത്തുകളുടെയെല്ലാം പകർപ്പുകൾ 'പാരിജാതം' പത്രാധിപർക്കു നോക്കാനയച്ചിട്ടുണ്ട്. ആവശ്യമുള്ളതുമാത്രം വേണമെങ്കിൽ പ്രസിദ്ധപ്പെടുത്താം. അസ്സൽ കത്തു കാണണമെന്നുള്ളവർക്ക് ഇവിടെ വന്നാൽ കാണിച്ചുകൊടുക്കുവാനും ഒരുക്കമാണ്.

ലേഖകൻ.

സമരശേഷം.

(കവിതിലകൻ, ശ്രീ. വടക്കുംകൂർ രാജരാജവർമ്മരാജാ.)

—II—

1

തനയന്റെയനീതിമൂലമല്ലീ
വിനപാർത്ഥപ്രണയാനിമിത്തമെന്നായ്
നിനവതിവരാധികൻ നികാമം
മനസാ പാണ്ഡവരെസ്സ്തുതിച്ചു വാണാൻ.

2

സ്വദരന്തമിടയ്ക്കു ചിന്തചെയ്യും,
വിദുരൻതന്മൊഴിയോർത്തിടുംചിലപ്പോൾ,
ഹൃദപാലിതശകുനനാം ചിലപ്പോൾ,
മൂഢഭാവത്തെ വഹിച്ചിടുംചിലപ്പോൾ.

3

പലഭാവമിവണ്ണമന്നു കന്ദര-
ത്തുലയും തണ്ണുമയക്കിനോക്കുമക്ഷിയിൽ
വിലപിച്ചുതമസ്സിലാഹരിച്ചൻ
നിലയില്ലാതെയുമാശയം മഹീശൻ.

4

സുതരാം തെളിവാർന്നമിന്നിലയാർ, തൻ
സുതരാമുണ്ണികളറ്റിരുന്ന കാലം
ധൃതമാന്ധ്യമറിഞ്ഞ താതയാരൊന്നാർ
ചിതമേറുന്നു യഥാർത്ഥമന്ധവൃത്തം.

ഏതായാലും ഈ പ്രക്ഷോഭത്തിന്റെഫലമായി പിന്നെ അധികം താമസിക്കാതെ മൂന്നാം കയ്യായി ഗ്രന്ഥം ഇവിടെ തിരിയെ കിട്ടി. കുഞ്ഞുക്കുട്ടൻതമ്പുരാൻ തിരുമേനി ഇതിൽ കേവലം നിരപരാധിയാണെന്നും, അവിടുന്ന് അന്നു ജീവിച്ചിരിപ്പുള്ളതുകൊണ്ടാണ് ഇതെനിക്കുവീണ്ടും കിട്ടിയതെന്നും ഇവിടെ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

ലീലാതിലകത്തിന്റെ കഥ ഇതുകൊണ്ടും അവസാനിച്ചില്ല. ഗ്രന്ഥം എന്റെ കയ്യിലായശേഷം കേരളത്തിലെ രണ്ടുമുദ്രാലയക്കാരും, ചിലപുസ്തകശാലക്കാരും എന്റെ കയ്യിൽ ചില അപൂർവ്വഗ്രന്ഥങ്ങളുള്ളതായി കേൾക്കുന്നുണ്ടെന്നും, അവ പ്രസിദ്ധപ്പെടുത്തുവാൻ തങ്ങളെ ഏല്പിച്ചാൽകൊള്ളാമെന്നും മററും പറഞ്ഞുകൊണ്ട് എന്നെ സമീപിക്കുകയുണ്ടായി. എന്നാൽ ആ സമയത്തെല്ലാം അതിന്നു ശരിയായ പ്രതിഫലം കിട്ടണമെന്നും പറകയാണു ഞാൻ ചെയ്തിരുന്നത്. "സാഹിത്യത്തിന്നുവേണ്ടി ജീവിതാർപ്പണം ചെയ്തിട്ടുള്ള പി. വി. കൃഷ്ണവാരിയർ ഇതിനൊക്കെ പ്രതിഫലം ആവശ്യപ്പെടുകയോ?" എന്നുംമററും ചില മുഖസ്തുതികൾ തട്ടിവിട്ട് ആ കൂട്ടർ അന്നത്തെസമയം ഒഴിഞ്ഞുപോകയും ചെയ്തു. വാസ്തവത്തിൽ ഇതെല്ലാം നിഷ്കളങ്കഹൃദയനായ കുഞ്ഞിക്കുട്ടൻതമ്പുരാനെ അറിയാതെ രണ്ടുമൂന്നു പ്രസിദ്ധസാഹിത്യകാരന്മാർ നടത്തിയ ഗൂഢാലോചനയുടെ ഫലമാണെന്നുകൂടി പറയാവുന്നതാണ്.

കാലംകൊണ്ടു ചൂടാറാത്തതൊന്നുമില്ലല്ലോ. പിന്നെ നാലഞ്ചു കൊല്ലംകഴിഞ്ഞപ്പോൾ ലീലാതിലകത്തിന്റെ ഭാഷമാത്രം പണ്ഡിതവര്യനായ ശ്രീമാൻ ആറ്റൂർ കൃഷ്ണപിഷാരോടിയുടെ വിസ്തരിച്ചൊരവതാരികയോടുകൂടി 1092ൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു. പരിഭാഷാഗ്രന്ഥം ഇങ്ങനെ ഒന്നു പുറത്തുവിട്ടതായി ഉടനെതന്നെ എന്നെ തിരുവനന്തപുരത്തുനിന്ന് ഒരു സുഹൃത്തറിയിച്ചു. മാത്രമല്ല, സ്വകാര്യമായി അതിന്റെ ഒരു പ്രതിസമ്പാദിച്ച് എനിക്കയച്ചുതരികയും ചെയ്തു. ഗ്രന്ഥത്തിന്റെ ആഗമത്തെപ്പററി ഒരക്ഷരംപോലും ശ്രീ. പിഷാരോടിയുടെ അവതാരികയിൽ മിണ്ടിയിട്ടില്ലെന്നുള്ളതാണ് അതിലെ വിശേഷം. ഒരപൂർവ്വഗ്രന്ഥം—അതോ ഭാഷാസാഹിത്യഭണ്ഡാരത്തിലെ ഏററവും വിലപിടിച്ചൊരു നിധി—എങ്ങനെ കിട്ടിയെന്നു പറയാതിരിക്കണമെങ്കിൽ അതിലെന്തോ വിദ്യയുണ്ടെന്നു സ്പഷ്ടമല്ലേ?. ഏതായാലും ഞാൻ പിന്നെ ഒരു "കൂട്ടത്തിന്നും കുറിക്കും" പുറപ്പെട്ടില്ല. ഭാഷയ്ക്കു നല്ലൊരു സമ്പാദ്യമുണ്ടായല്ലോ. ഈ അനർഘരത്നത്തെ ഇനി യഥോചിതം ശാണോല്ലേഖനം ചെയ്തു ഭാഷാപ്രണയികൾ ധരിച്ചുകൊള്ളട്ടെ എന്നും നിശ്ചയിച്ചു. പക്ഷെ ഗ്രന്ഥം കയ്യിൽതിരിച്ചുകിട്ടിയ ഉടനെ മൂലം മുഴുവനും ഒന്നു പകർത്തിക്കുകയും സ്വന്തമായി ഒരു ഭാഷാന്തരം എഴുതിവെക്കുകയും ചെയ്തിട്ടുണ്ട്. ഈ കൃത്യം ശ്രീ പിഷാരോടിയുടെ പുസ്തകം പുറത്തുവരുന്നതിന്നും നാലുകൊല്ലംമുമ്പു കഴിച്ചുവെച്ചതാണ്. എന്റെ ഭാഷാന്തരം ഇതുവരെ പുറത്തുവിട്ടിട്ടില്ല.

5 മറിയാതെപതിക്കുമശ്രുനീരിൽ-
പ്പരിതാപോഷ്മളധാരയിൽക്കുളിച്ചും
ദുരിതം തനുജപ്ലവംജപിച്ചും
പെരികെദ്ദൈന്യമിയന്നിതന്ധഭൂപൻ.

6 അശനംകുറവായി, ദേഹമാകെ-
ക്കൃശമായ്ശോകകൃശാനുവിൻ പ്രകാരാൽ
കുശലസ്ഥിതിമാഞ്ഞു സർവ്വവും;തൻ
വശമാകാത്തൊരുമട്ടിലായ് ഹൃദന്തം.

7 സുതരെച്ചിലനേരമാർത്തിയോടതി-
ഭൃതമുന്മാദമിയന്നപോൽവിളിക്കും
സ്ഥിതരായവരുണ്ടടുക്കലെന്നായ്
ഹിതമോരോ പ്രണയോക്തിമുത്തൊടോതും.

8 ചിലനേരമഭിജ്ഞനെന്നപോൽവൻ
വിലമാളും മൊഴിതത്ത്വപൂർണ്ണമോതും
ബലമേറിയ യോഗിപോലെമൌനം
കലരുംതത്ര ചിലപ്പൊളമ്മഹീശൻ.

9 “മകനേ! മകനേ! വിശിഷ്ടപുണ്യാ-
ത്മകനേ! നീയെവിടെഗ്ഗമിച്ചിരിപ്പൂ?
ശുകനേറിവാന്നിനിന്നൊയുള്ളിൽ-
പ്പുകനേടിക്ഖലരേവമാക്കിയല്ലോ.

10 സകലംതവഭക്തിയുഷ്ടമാരിട്ടമ്പ-
ന്വകളങ്കം പ്രിയമോടുചെയ്യുവൻ ഞാൻ
ഹാ! കഷ്ടമിവണ്ണമെന്നെവിട്ടേ-
ങ്ങകലെപ്പോയ്മരുവുന്നനീരസാൽനീ.

11 പലദോഷമിരുന്നിടാംനിനക്കാ-
ഖലനെന്നായ്ച്ചിലർ നിന്നെനിന്ദചെയ്യാം
ഉലകിൽപ്പിതൃഭക്തിവായ്ക്കുമോർത്താൽ
തിലകംനീഗുണസിന്ധുവെന്നതത്തിൽ.

12 ഗുണശാലി,യെനിക്കുനല്ലതാങ്ങാം
തണലുംനീദൃഢമെന്നുഞാൻനിനച്ചു;
കണവുംഫലിയാതെയാ,യതിന്നെൻ
തുണപോയ്ത്തുണ്ടുലഞ്ഞു തുച്ഛനായ്ഞാൻ.

13 പഴിവിട്ടതിഭക്തിയെന്നൊടുംകൊ-
ണ്ടൊഴിയാതെപ്പൊഴുതുവാണനീപതിക്കെ
മിഴിപോയ്,വടിപോയ്, താങ്ങുപോയി
കഴിവുംപോയി, ഹതാഖിലസ്വനായ്ഞാൻ.

14 സുരപൂജിതനാംകുമാരനാലേ
ഹരനെപ്പോൽ, ഹരിപോൽജയന്തനാലേ
പരമാഢ്യയയാതിപൂരുവാൽപ്പോൽ
പരമോൽകൃഷ്ടതഞാൻവഹിച്ചുനിന്നാൽ.

15 സ്വകരക്ഷയിൽവാണസജ്ജനത്തിൽ
ശകലം ശല്യമിയന്നിടാത്തമട്ടിൽ
മികവോടിളകാത്തുവാനിലുംവെൺ
പുകൾവീശി,പുകയേശിടാ,തെയന്തി.

16 ഗുരുഭക്തി, ജനാവലിക്കുസൌഖ്യം
പെരുകാൻവാഞ്ഛ,സുധർമ്മമാദിയാലേ
കുരുവംശമണിപതാകയായ്നീ
മരുവി, തജ്ജനിയാൽ കൃതാർത്ഥനായ്ഞാൻ.

17 ക്ഷിതിയിൽസ്ഥവിരത്വമാളുമെന്നെ
സ്ഥിതിയില്ലാത്തവനാക്കിവിട്ടിവണ്ണം
മതിമജ്ജനമുദ്ധരനാ[illegible]! നീ
ഗതിചെയ്തൊരിടത്തുപാർത്തിടുന്നു?

18 കനകാസനവർത്തിമന്നവൻത-
ന്നനഘൻവന്ദ്യപിതാവിതെന്നഹർഷാൽ
ജനപൂജനപാത്രമായഞാൻ, ദു-
ർവ്വിനപൂണ്ടിങ്ങനെവാണിടേണ്ടിവന്നു.

19 ചെറുതുംഹൃദിനീരസംവിചാരി-
ക്കരുതല്പൻ, ജളബുദ്ധിവൃദ്ധനാംഞാൻ
കുരുടൻപലമട്ടനിഷ്ടമീഞാൻ
വെറുതേനിന്നൊടുമുമ്പുരച്ചിരിക്കാം.

20 “കുടിലാശയരാം വിപക്ഷരെപ്പോയ്-
പ്പൊടിയാക്കിപ്പടുബാഹുവീര്യവായ്പാൽ
നൊടികൊണ്ടുവിയത്തിലങ്ങുവെന്നി-
ക്കൊടിപാറിച്ചുതിരിച്ചുവന്നിടാംഞാൻ”

21 തവവാക്കടലിന്നു പോയനേര-
ത്തിവനോടോതിയതന്നുവിശ്വസിച്ചേൻ
ശിവനേ! വിപരീതമായതെല്ലാം
ജവമേവം പരിതാപമേൽക്കുമാറായ്.

22 നലമോടൊരു പുത്രനേയെനിക്കായ്-
ത്തിലതോയം തരുവാനമേകിടാതെ
ഖലദൈവമടച്ചു നൂറിനെയും
കൊലചെയ്തെന്നെയനാഥനാക്കിയേവം.

23 ശ്രുതമോതിയമാതിരിക്കുദാനം
വ്രതമഗ്ര്യമഖരാജിയെന്നിതെല്ലാം
ഹിതമോടിവനാചരിച്ചു,ചേതോ-
ഗതമാംയാതനയായിതൽഫലംമേ.

24 ദ്വിജർചെയ്തോരനുഗ്രഹങ്ങൾ,ശാസ്ത്ര-
വ്രജമൊത്തും സുകൃതങ്ങൾ തൽഫലങ്ങൾ
സുജനോക്തികളെന്നിതാകെയേവം
രുജവർദ്ധിക്കുവതിന്നുമാത്രമായ് മേ”

25 പലതിവ്വിധമോതിയും നികാമം
വിലപിച്ചും വിധിയെപ്പഴിച്ചുമുച്ചം
നിലമാഞ്ഞ വിഷാദവാരിധിക്ക-
ള്ളലയിൽപ്പെട്ടധികം കുഴങ്ങി ഭൂപൻ,

26 ഇതിദുസ്സഹമാം വിഷാദപങ്കം
പതിയുംതൽപ്പതിയെഗ്ഗുരുതാപമോടേ
മതിയാംപരിഷ്വ ചെയ്തുമന്ദം
സതിഗാന്ധാരിയുരച്ചു ശാന്തവാക്യം.

27 "ശരിയായിവളർത്തിടായ്കിലച്ഛ-
ന്നരിയാമസ്സുതരെന്നഭിജ്ഞർ ചൊൽവൂ
തരിയും പിഴയാതതൊത്തിതങ്ങ-
യ്ക്കരിയെക്കാളരിയായ പുത്രനാലേ.

28 പറയുന്നതു കേൾക്കകില്ല, തക്ക-
ത്തരമൊത്തും, പെരുതക്രമങ്ങൾ കാട്ടും
പരരോടനുകമ്പയില്ല, പാപാ-
ചരണത്തിൽസ്സുതരം മനസ്സുവെയ്ക്കും.

29 പ്രകൃതിക്കു പലേവിധത്തിലേവം
വികൃതാവസ്ഥവഹിച്ചുയർന്നവന്നോൻ
അകൃശാപജയാലൊടുക്കമിട്ട-
ഷ്ക്കൃതം പൂണ്ടതിലെന്തു സന്തപിക്കാൻ?

30 സുതരോടു ‘മുഖംമുറിച്ചു’രയ്ക്കാൻ
ഹിതമില്ലാതെ ഭവിക്കിലപ്പിതാക്കൾ
ദ്രുതമീവിധമുള്ള ഭാവിയാൽത്താൻ
കൃതമാശ്ലേഷമിയന്ന താപമേൽക്കും.

31 സ്വസഹോദരർ പാണ്ഡുപുത്രരോടായ്
രസമില്ലായ്ക മുളച്ചനാൾമുതല്ക്കേ
വ്യസനം സുതരേവമേൽക്കുമെന്നാ-
യസമാതങ്കമിയന്നു ഞാനിരുന്നേൻ.

32 സുതർതൻവഴിനല്ലതല്ല, ശാസി-
ച്ചിതകറ്റീടണമെന്നു മുന്നാൾ ഞാൻ
ധൃതശോകമുരച്ചതന്നു കേൾക്കാൻ
ബത! കാതിന്റെ കവാടമങ്ങടച്ചു.

33 വഴിപെട്ടുയരുന്നമട്ടുതാനും
വഴിയേ പുത്രരെ വിട്ടയച്ചുമൂലം
ഒഴിയാതെഴുമശ്രുനീരിൽ മുങ്ങി-
ക്കഴിയേണ്ടും നിലവന്നു കൂടിയോഗം.

34 വരുമെന്നു മനസ്സിലൊട്ടു മുമ്പേ
കരുതിക്കൂട്ടിയിരുന്ന സംഭവങ്ങൾ
കരുതെറ്റുമിയന്നിടാതെ വന്നി-
പ്പുരുഷാതങ്കഭരം നമുക്കുചേർത്തു.

35 ഗുണമേറിയ ധർമ്മജാദ്യരാരെ-
ക്കനലിൽക്കൊളുത്തിയെ-ന്നന്നാളു തുടങ്ങി
ച്ചൂന്നവിട്ട സുതന്നയന്നവരെ
പിണമാം നാളുവരേക്കു നിന്നിതേവം.

36 മതിമാൻ വിദുരൻ പറഞ്ഞതേതോ,
യതിയാം വ്യാസനകത്തു കണ്ടതേതോ,
സതി ഞാൻ നിരുപിച്ചിരുന്നതേതോ,
സ്ഥിതിയിന്നായതുതന്നെ വന്നുചേർന്നു.

37 ഏതുനാൾ കളവായചൂതിനാലേ
ചാതുരത്തെ നടിച്ചുവെന്നിനേടി
അതുനാൾ സുതർതന്റെ ഭാവിയേ ഞാൻ
കതുകംമാഞ്ഞിരുളേറെ വാച്ചുകണ്ടേൻ.

38 നൃപർതൻ സഭയിൽ സതീധ്യയാകും
ദ്രുപദക്ഷ്മാപകുമാരിയിൽ കൃതൻ
അപരാധമണച്ച നാളതാണി
വിപദാം ഞാൻ മതികൊണ്ടു കണ്ടതത്രേ.

39 മിഴിനീരു പൊഴിച്ചു, മേലനങ്ങി,-
ട്ടുഴിയും കേശമിയന്നു, ദീനയായി
കഴിവറ്റവളന്നരച്ചതാമ-
മ്മൊഴിയെമ്മാതിരി പാഴിലായ് ഭവിക്കും?

40 തലഭീഷ്മർകുനിച്ചു. കഷ്ടമെന്നായ്
പലരും, ഹാ! വിദുരന്നു കോപമേറി,
നിലമാറി വികർണ്ണൻ, നങ്ങകണ്ണിൽ-
ജ്ജലമൂറിദ്ദുരുവന്നു, മാതൃപക്ഷം.

41 തരസാ ദിശയാകെ രോദനത്താൽ
ഭരതാന്തഃപുരനാരിമാർ മുഴക്കി
ധരണീസുരർ കൈവെടിഞ്ഞു ഹോമം
വിരസം ജീവിതമെന്നു നിന്ദ ചെയ്താർ.

42 മമ കൃഷ്ണയെ ഞാൻ ശപിച്ചി, താസ്യം
സുമഹാഭാഗ്യവുമായ് ഭവാൻ നിനച്ചു,
ക്ഷമവിട്ടു സദസ്യരേറു, ഘോരാ-
ക്രമവൃത്തത്തെ വെറുത്തു മർത്ത്യരാരും.

43 മരുഭക്തരുമങ്ങുകണ്ടിടാതെ
മരുവും ദേവിയെ വൻസദസ്സിലേറി
ച്ചുരുതാപമണച്ച പാപമാർത്താ-
ലുരുകുംഹന്ത! പിശാചസംഹദന്തം.

44 മറിവറ്റു സമസ്തവൃത്തവും ഞാ-
നറിയുന്നോ, ളുരുദിവ്യദൃക്പ്രഭാവാൽ
ദുരിതാത്മകർ മക്കൾ നട്ടതാം ദു-
ശ്ചരിതപ്പുതരുവിന്റെ കായിതെല്ലാം.

45 അനയാംബുധിയായകർണ്ണനാ-
സ്പദമെന്നാകിയവൻെറ വാക്കുകേട്ടാ
തനയൻെറ ശിരസ്സിലന്തകാല-
ക്കനൽവർഷം നിപതിച്ചു കണ്ടിതിഞാൻ.

46 ഹരി ദൂതു പറഞ്ഞതുവ്യനായി-
പ്പിരിയാനൊരുനിടയായി,തട്ടിനത്തിൽ
ചരിതാഗ്ലർ സുതക്കടൽക്കവാടം
ശരിയായ് കാലന്നടൻതുറന്നുവെച്ചാൻ.

47 ഹരനോടെതൃനാളരാതി തേജാ-
ഹരമാം 'പാശുപത'ത്തെവാങ്ങി പാർത്ഥൻ
പരമന്നുതുടങ്ങി ഭാഗ്യസൂര്യ-
ന്നിരവാക്കൌരവമണ്ഡലത്തിലെങ്ങും.

48 കരളിൽ ജ്വലനൻപ്രഹർഷമോടേ
പരമാംഗാണ്ഡീവമെന്നു പാർത്ഥനേകി
അരമന്നുഭവിച്ചു കൌരവാശാ-
ഗരവല്ലിക്കുമുടിക്കവജ്രപാതം.

49 പവനാത്മഭവൻെറ വൻഗദാഗ്രം
നവമാം പാർഷതിതൻെറശാപഖഡ്ഗം
ഇവതൻ പിടിവിട്ടുരക്ഷനേടാൻ
ഭുവനത്തിങ്കലെവൻ കരുത്തനുണ്ടാം.?

50 “ശുനകപ്പടിയെൻെറ ചോറുതിന്നി-
ട്ടനയാലെന്നെ വെറുത്തിടുംശഠൻനീ
തനയക്കഹിതം കഥിപ്പവൻദുർ-
ജ്ജനമെന്നാട്ടിലിരിക്കവാനയോഗ്യൻ.”

51 “ഹത! പോമറയത്തുവല്ലിടത്തും
ഇതമെൻ ഭൃത്യർപിടിച്ചുതള്ളിടാതെ
കിതവേ”തിശകാരവാക്കുവർഷി-
ച്ചിതമോതും വിദുരാഖ്യനെ ത്യജിച്ചു.

52 ധൃതചാപശരങ്ങൾ കയ്യൊഴിച്ചും
ഹിതമങ്ങയ്ക്കുരുമംഗലങ്ങൾനേർന്നും
കൃതമച്യുതമായയോർത്തുമാസ്സ-
ച്യുതനന്നാളവിടം വെടിഞ്ഞു ശാന്തൻ.

53 ഭുവിയിൽത്തുളസിക്കിടന്നതിൻവാ-
ക്ക്പവിപാദത്തിലുമുള്ള ലക്ഷ്യമിടാതെ
പ്രവിശുദ്ധഹൃദന്തനമ്മഹാത്മാ-
വവിടം വിട്ടുതിരിച്ചിതന്നുതന്നെ.

54 കൃതഘ്നന്യലക്ഷരാകമിയ്യെൻ
സുതർ തൽകർമ്മഫലം ഭുജിച്ചിതേവം
ധൃതജീവരിരുന്നനാളിലും ഞാൻ
മൃതരായേ നിരൂപിച്ചിരുന്നതുള്ളൂ.

55 ഖലർക്രൂരർകടന്നു ധൂർത്തരോരോ
വലവെച്ചങ്ങു വശീകരിച്ചമൂലം
ഉലയററവിപദാവിഷക്കയത്തിൽ-
ത്തുലയാൻചെന്നു പതിച്ചുമത്സുതന്മാർ.

56 വരനും സുതരും വിശിഷ്ടരായാൽ
വരരാത്രിക്കിളതന്നെനാകമെന്നും
തരമററവർ ദുഷ്ടരെന്നുവന്നാൽ
നരകം പിന്നെയവർക്കുലോകവാസം.

57 പലർ പുത്രർ പിറന്നുവെന്നുവന്നാൽ
ചിലരെന്നാകിലുമെവിശിഷ്ടരാകാം
ഖലരായ് ഭൃശമസ്മദാത്മജന്മാർ
വിലയം പൂണ്ടിതു നൂറുമൊന്നുപോലെ.

58 ഖലരാം സുതർതൻ പിതാക്കളാകും
നിലയാൽ നമ്മൾ കണക്കസന്തപിക്കാൻ
ഉലകിങ്കൽനരാന്വയത്തിലാക്കും
കലരൊല്ലേ വിധിയെന്നു ഞാൻനിനച്ചു.

59 സമതീതകഥാശതങ്ങൾചൊല്ലി-
ക്രമമല്ലാതെതപിപ്പതെന്തിനിനാം
സുമനസ്സുസമാഹിതതപമേന്തി-
ശ്ശമമോടേനിവസിക്കതന്നെയുക്തം.

60 കദനംകടുകംനിനക്കിൽരണ്ടും,
ഹൃദപായത്തെ വളർത്തിടുംരിപുക്കൾ,
തദപാകൃതചിത്തരായ്നികാമം
മുദമം മൂകതന്നെസൌഖ്യമൂലം.

61 കരയാം തലതല്ലിടാം തഥാ ദുർ-
ഗ്ഗിരമോതാമിവകൊണ്ടുപുണ്യമെന്താം
മരണാത്മകമാം കടംപിശിചി-
ന്നിരയാംവസ്തു തിരിച്ചുപാന്തമാകാ.

62 അറിവിൻ ഫലമൊന്നുമാത്രമുണ്ടത-
ട്ടെരിയുമ്പോൾ ശിശിരീകരിക്കശാന്ത്യാ
നെറിവോടതാസാദ്ധ്യമാകിലോദുർ-
ഭരിതം നിഷ്ഫലഭാരമാണതത്താപം.

63 ഹരിമുമ്പരുമൊപ്പെട്ടഗീതയാളും
ഗരിമാർത്ഥങ്ങളറിഞ്ഞ പണ്ഡിതർനീ
അറിവററകിടാങ്ങൾ പോലിവണ്ണം
പരിതാപത്തെ വഹിപ്പതെത്രകഷ്ടം!

64 ഒരു പെണ്ണിവളത്തപഗന്ധമറേറാൾ
പെരുതിക്ഖേദഭരംപൊറുത്തിരിപ്പൂ
പുരുഷാഗ്രണിധീരരത്നമങ്ങോ
വെറുതേശാന്തിവെടിഞ്ഞു സന്തപിപ്പൂ.

65 ഇനിമേൽക്കരളിൽക്കുറച്ചുമാർത്തി-
പ്പുനിമേധാവിഭവാനിയന്നിടാതെ
തനിമേതരധൈര്യസാരമുൾക്കൊ-
ണ്ടിനിമേഷോപമനായിമേവിയാലും.

66 വിശദം തവഹൃന്നഭസ്സിലുദ്യൽ-
പ്രശമജ്ഞാനധരീമരീചിമാലി
ഭൃശമുജ്ജ്വലനായുദിച്ചുതക്കാം
നിശയെവേരൊടറുത്തു തള്ളിടട്ടേ.

67 രമണന്റെ മനോവിഷാദവാപ്തിൻ
ശമനം നൽകിടുമാറിവണ്ണമാരി
വിമലാശയമേവിദേവി, പത്നീ-
സമമായ് മർത്ത്യനുരുക്കിൽ നാസ്തിവൈദ്യൻ.

68 പലയുക്തികളോതിയനേകതത്ത്വം
കലത്രമ്മാർസതിയോതുമുക്തികൊണ്ടും
നലമാം പരിചര്യകൊണ്ടുമുർവ്വീ-
വലഭിത്തിന്നതെളിഞ്ഞു തെല്ലുചിന്താ.

—o—

ജാതകാദേശമാർഗ്ഗം

സദ്രത്നാദീപികാ എന്ന വിസ്തൃതവ്യാഖ്യാനം.
വില: 5ക. മാത്രം.

വിദ്വൽ ശ്രീ. മഞ്ഞളൂർ കളരിക്കൽ **K.** അച്യുതപ്പണിക്കരവർകളുടെ ഒരൊന്നാംതരം വ്യാഖ്യാനമാണിത്. ജ്യോതിഷപണ്ഡിതർ പുലിയൂർ **P. S.** പുരുഷോത്തമൻ നമ്പൂതിരി അവർകളുടെ സാരഭൂയിഷ്ഠയായ അവതാരിക പ്രേക്ഷകന്മാരുടെ ചിത്തവൃത്തികളെ ഹഠാദാകർഷിക്കുന്ന വ്യാഖ്യാനധോരണിയിലൂടെ. വിഷയജ്ഞാനശക്തിയാൽ വിലയംപ്രാപിപ്പിക്കുന്ന നില നിങ്ങളെ കോൾമയിർക്കൊള്ളിക്കാതിരിക്കുകയില്ല. ഇതാ ചിററൂർ(കൊച്ചിൻ) വേണുഗോപാലമുദ്രണാലയത്തിൽ അച്ചടിപ്പിച്ചു വരുന്നു. ഇന്നുതന്നെ നിങ്ങളുടെ ഓർഡറിനെ താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചു റജിസ്റ്റർ ചെയ്യുവിൻ.

K. A. Damodara Panikkar,
P. O. Mannalur,
(Via) Koduvayur, (Malabar.)

ഒരു പണ്ഡിതഫലിതം.

(ശ്രീ. കുന്നേഴത്തു പരമേശ്വരമേനോൻ)

ഒരിക്കൽ തൃശ്ശിവപേരൂർ ബ്രഹ്മസ്വംമഠത്തിൽ ഒരു 'വാര'മുണ്ടായി. വാരം എന്നു സാധാരണപറഞ്ഞാൽഭവാര. അന്നത്തെ വേദശാസ്ത്രാദിപണ്ഡിതന്മാരെല്ലാം അവിടെ തികഞ്ഞിരുന്നു. വയോവൃദ്ധന്മാരും, ജ്ഞാനവൃദ്ധന്മാരും, ധനവൃദ്ധന്മാരുമായ നമ്പൂതിരിമാർ മിക്കവരും അവിടെ കൂടിയിരുന്നു. അവർ അവരവരുടെ സന്ധ്യാനുഷ്ഠാനങ്ങൾകഴിച്ചു വേദഘോഷം തുടങ്ങി. അതു് ഏകദേശം ഒരു യാമത്തോളം നീണ്ടുനിന്നു. "വാരമിരിക്കൽ" അവസാനിച്ചു. വാരത്തിൽ പങ്കുകൊണ്ടവരുടെ ഭക്ഷണം ആരംഭിക്കേണ്ട ഘട്ടമായപ്പോൾ ഏകദേശം രാത്രി പത്തുമണിയായിരിക്കുന്നു. വാദ്ധ്യാന്മാരും അഗ്രഹത്തിന്റെ ശ്രമക്കാരും അതിനുള്ള ഉത്സാഹംതുടങ്ങി. ചിലർ ഭദ്രദീപം നിരത്തിവെച്ചു, ചിലർ അവണപ്പലകകൾ യഥാസ്ഥാനം വിന്യസിച്ചു, മറ്റുചിലർ ഇടത്തുഭാഗത്തു കിണ്ടിയും വെള്ളവും തയ്യാറാക്കി, ചിലർ ഇലനീർത്തി തളിച്ചു തുടച്ചുവെച്ചു.

നമ്പൂതിരിമാരുടെ വാരം, ഓത്തൂട്ടുമുതലായവ അനേകവിഭവങ്ങളോടുകൂടിയ വലിയ സദ്യയാണെന്നാണു സാധാരണ ജനങ്ങളുടെ ധാരണ. വാസ്തവം അങ്ങനെയല്ല. ഉപദംശങ്ങളുടെ എണ്ണം വളരെ കുറവാണ്. പരിപ്പ്, പച്ചടി, കിച്ചടി, കൂട്ടുകറി, അവിയൽ, സാമ്പാറ്, ചാറ്, പൊടിത്തൂകൽ, പലവിധംഉപ്പിലിട്ടതു്, അനവധിഉപ്പേരികൾ, "ആനച്ചുവടൻ" വലിയപപ്പടം, പഞ്ചസാര, ശർക്കരയുപ്പേരി, പലതരംപഴങ്ങൾ, അപ്പം, വട, എള്ളുണ്ട, മൂന്നോനാലോതരം പ്രഥമൻ മുതലായ ഘോഷവാറുകളൊന്നും അവർക്കു പതിവില്ല. അതെല്ലാം പരദേശികളിൽനിന്നു വന്നുകൂടിയവയാണ്. കൊല്ലമുളകു് (വത്തൽമുളകു്) കൂട്ടിയിട്ടുള്ള കറികളൊന്നുംതന്നെ ഉണ്ടാകയില്ല. നല്ലമുളകു് (കുരുമുളകു്) തൊലികളഞ്ഞുണക്കിപ്പൊടിച്ചു കലക്കി കോടിവസ്ത്രത്തിൽ അരിച്ചു കുറുക്കി വെള്ളം വറ്റിച്ചു പാകംപോലെ വെണ്ണനെയ് ചേർത്തു വെള്ളം തളിച്ചു വരട്ടി കൂട്ടിയിട്ടല്ലാതെ ഒരു കറിയും അവർ പാകം ചെയ്യുകയില്ല. വറുത്തെരിശ്ശേരി, ചേനമാത്രം ചേർത്ത കുറുക്കുകാളൻ, ഓലൻ, ഒന്നോരണ്ടോകൂട്ടം ഉപ്പിലിട്ടതും ഉപ്പേരിയും "ഏണാങ്കമണ്ഡലംപോലെ- ചേണാർന്നീടിനപപ്പടം- ഊണിന്നു കാലമാകുമ്പോൾ" കാച്ചിയെടുത്തതായി ഈ രണ്ടു്, നിലംതൊടാതെ വെച്ചുപഴുപ്പിച്ചു പാകംവന്ന "ചെങ്ങഴിക്കോടൻ" നേന്ത്രപ്പഴം നുറുക്കി പുഴുങ്ങിയതു് വേണ്ടപോലെ, ഏഴുചാൽ ഉഴുതു വെണ്ണീർതൂകി പാകംപോലെ വെള്ളം നിർത്തി വിളയിച്ചുണ്ടാക്കിയ "ചുനങ്ങാടൻ തുളുക്കിടാവു്" നെല്ലിന്റെ പഴയരിച്ചോറു്, ഇത്രയും മാത്രമേ ഉണ്ടാകയുള്ളൂ. ഹിതവും മിതവുമായ ഇത്തരം ഭക്ഷണത്തിന്റെ ഒടുവിൽ അരങ്ങത്തുവരുന്ന "വെള്ളത്താടി"യുടെ ഗുണദോഷങ്ങളെക്കൊണ്ടാണ് അവർ സദ്യയുടെ വിലമതിക്കുന്നതു്. ഓത്തുകൊട്ടിന്റെയും വാരത്തിന്റെയും പഞ്ചസാരപ്പാൽപായസം ആസ്വദിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവരോടു് അതിന്റെ ഗുണദോഷം പറഞ്ഞുമനസ്സിലാക്കാൻ അസാദ്ധ്യമാണ്. പാൽപ്പായസം കൂടാതെയും വാരസദ്യയുടെ അരങ്ങുകൊഴുക്കുകയില്ലെന്നില്ല. ചക്കപ്പഴം സുലഭമായ വൈശാഖകാലത്തെ വാരങ്ങൾക്കു ശർക്കരതൊടീക്കാതെ ചക്കപ്പഴംതന്നെ ഇടക്കിടയ്ക്കു ചുക്കുവെള്ളം പകർന്നു വരട്ടി ശർക്കരചേർത്താലുണ്ടാകുന്നതായ മാധുര്യം വരുത്തി ചക്കപ്രഥമനും, നേന്ത്രക്കായ സുലഭമായ നവരാത്രികാലത്തു നേന്ത്രപ്പഴം ഇതുപോലെതന്നെ വരട്ടിപ്പഴപ്രഥമനും ഉണ്ടാക്കാറുണ്ടു്. പാചകന്മാരുടെ കൈപ്പുണ്യത്തിന്റെയും ഭോക്താക്കളുടെ രസജ്ഞതയുടേയും മാറ്റുരക്കുന്നതു് ഇതിലാണ്. "ചക്കകയറിട്ടെറക്കിയില്ല" എന്നും, "വാഴയ്ക്കു രണ്ടുനന തെറ്റിപ്പോയി" എന്നും ചക്കപ്രഥമനും പഴപ്രഥമനും ഉണ്ടു ഗുണദോഷം പറഞ്ഞു സമ്മാനം വാങ്ങിയ രസജ്ഞന്മാരും അന്നത്തെ മലയാളികളിൽ ചുരുക്കമല്ല.

നമ്മുടെ പ്രസ്തുതമായ വാരത്തിൽ നാറേരി, പൂവള്ളി, വരിക്കാശ്ശേരി, പുറയന്നൂർ, കാഞ്ഞൂര്, ദേശമംഗലം, കൂടലാറ്റുപുറം, ഒളപ്പമണ്ണ മുതലായ ആഢ്യന്മാർ മിക്കതുമുണ്ടായിരുന്നു. ഇവരിൽ മുതൽപ്പന്തിയിൽ ഒന്നാമത്തെ സ്ഥാനത്തിരിക്കേണ്ടതു് ആരാണെന്നു് എ

ഗാന്ധിജയന്തി



(ശ്രീ. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.)

‘സത്യം മുറുകെപ്പിടിച്ചുസദാപി, സ്വ-
തന്ത്രരായ് വാഴുക, നാമെന്നാലെ
സ്സത്യഗ്രഹമാകുമത്യുത്തമസ്ഥാനത്തി-
ലെത്തുകയുള്ളൂ’ വെന്നുള്ള തത്ത്വം,
നിത്യമുരുവിട്ടഹിംസാവ്രതത്തിന്റെ
നിസ്തുലമാഹാത്മ്യം നീളെക്കാട്ടി,
സദ്ധർമ്മകർമ്മനിരതനായ്, സർവ്വത്ര
ബുദ്ധഭഗവാനെപ്പോലെ ഭൂവിൽ,
ഭൂയോപിപൂജ്യനായുല്ലസിച്ചാൻ, മഹാ-
ധീരയാലും മാതൃകാമർത്ത്യരേകൻ.

ആ മഹാത്മാവാണിന്നെങ്ങും "കുടിൽതൊട്ടു
ഭൂമിയിൽക്കൊട്ടാരത്തോളം"മാർക്കും
ആരാധ്യൻ; സന്ദേഹമല്ലയോ, "പാശ്ചാത്യ"-
ഘോരാസുരാക്രമണാന്ധ്യമാകെ
ചാരുതരാഭയും വീര്യവും ചൈതന്യ-
പൂരവും പൂണ്ട"തൃച്ചക്ര"ത്താലെ
ദൂരീകരി, ച്ചുഗ്ര"ഭാരത"മാതാവിൻ
പാരതന്ത്ര്യം തീ, ർത്താപ്പാവനയെ,
പാരിൽപ്രശസ്തമാമന്യരാഷ്ട്രങ്ങൾക്കു-
ള്ളോരുന്നതസ്ഥാനത്തെത്തിച്ചോരാൾ.

മന്നിലെ"ശ്രീചക്രപാണി"യായ്ത്തന്നൂലം
മിന്നുമാദ്ധന്യൻ തൻ ജന്മതാരം
ഇന്നു നാം "കൃഷ്ണജയന്തി"പോലാചരി-
ച്ചുന്നതഭക്തിയാപ്പൂജ്യാത്മാവിൽ
കാണിപ്പിനെല്ലാരും, കൂറിട്ടുകൈക്കൂപ്പി-
പ്രീതിനിച്ചാർത്തിസ്തുതന വാഴ്ത്തീടുവിൻ!

സാരസമ്പൂർണ്ണമാം ഭാരതസ്വാരാജ്യത്തിൻ
സ്ഫാരോദാരൈശ്വര്യപൂർത്തിക്കായി,
സ്വൈരംബലികഴിച്ചോരപ്പുണ്യാത്മാവെ-
"വീരസ്വർഗ്ഗ"ത്തിൽ വിളിച്ചിരുത്തി,
നാകനിതംബിനിമാരെത്ര ചേർന്നിപ്പോൾ
നാടകമാടിക്കളിപ്പൂ നന്ദ്യാ.

"കേരള"മണ്ഡലമാന്യമനസ്വിനീ-
മാരേ! മടിയാതെ തത്പദത്തിൽ
താളമേളക്കൊഴുപ്പോടുമാറൊന്നിച്ചു
നിലവേ നിങ്ങൾ നിരന്നെല്ലാരും,
പൊൽക്കങ്കണങ്ങളും തത്താളങ്ങളും
ഭംഗ്യാകിലുക്കിക്കളിച്ചുകാന്ത്യാ
രംഗംകൊഴുപ്പിച്ചാസ്സച്ചരിത്രൻ തന്റെ
തുംഗാപദാനങ്ങളാലപിപ്പിൻ!

മാലോകരാകെയാപ്പുണ്യസ്വരൂപന്റെ
ശ്രീലമാമാദർശ, മന്യാദൃശം
ചേലിലനുസരിച്ചുന്നതഭൂതി, മേ-
ന്മേലുളവാക്കി വിളങ്ങിടട്ടേ!

"ഗാന്ധിജയന്തി"ജഗത്തിന്നനന്തമാം
കാന്തിയും, ശാന്തിയുമുണ്ടാക്കട്ടെ!!

ല്ലാവർക്കും സംശയമായി. ഒന്നാമത്തേതിന് ഓരോരോ യോഗ്യത കൂടും. ഇങ്ങിനെ എല്ലാവരും ഉഴന്നുകൊണ്ടിരിക്കുമ്പോൾ കേവലം ഭക്ഷണാർത്ഥിയായ ഒരു സാധാരണ നമ്പൂതിരി കടന്ന് ഒന്നാമത്തെപ്പലകയിൽ ഇരിപ്പുറപ്പിച്ചു. അദ്ദേഹത്തിനു ജന്മസിദ്ധമായ ബ്രാഹ്മണ്യം കൊണ്ടുള്ള പന്തിഭോജനാവകാശമല്ലാതെ ആഭിജാത്യം, പാണ്ഡിത്യം മുതലായ യാതൊരു വിശേഷയോഗ്യതകളുമുണ്ടായിരുന്നില്ല. കണ്ടാൽ സാമാന്യം ഭോഷനുമായിരുന്നു. അതുകഴിഞ്ഞുടനെ മറ്റുള്ളവരും സംശയംവിട്ട് ഓരോ സ്ഥാനങ്ങളിൽ ഉപവേശിച്ചു. അപ്പോൾ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിനമ്പൂതിരിപ്പാട് "വയം തത്വാന്വേഷാന്മധുകര! ഹതാസ്ത്വം ഖലു കൃതീ" എന്നുള്ള ശ്ലോകപാദം ചൊല്ലി. അതുകേട്ടെല്ലാവരും പൊട്ടിച്ചിരിച്ചു, വാരസ്സദ്യയും മുറയ്ക്കുനടന്നു; ഇതാണ് സന്ദർഭോചിതമായ പാണ്ഡിത്യഫലിതം. ഒന്നാമത്തു കടന്നിരുന്ന ആ ശുദ്ധബ്രാഹ്മണൻ ഊണിന്റെ രസമറിഞ്ഞതല്ലാതെ ഈ ഫലിതത്തിന്റെ രസം യാതൊന്നുമറിഞ്ഞതുമില്ല. സുഖം! സുഖം!

കാളിദാസ കവിതയിലെ ചില പ്രത്യേകതകൾ.

കുമാരപക്ഷപാതം.

(ശ്രീ. വി. ഉണ്ണിക്കൃഷ്ണൻ നായർ, ബി. എ.)

കുമാരസംഭവത്തിന്റെ കർത്തൃത്വം കൊണ്ടു മാത്രം കാളിദാസൻ കുമാരപക്ഷപാതിയായിരുന്നു എന്നു പറയുവാൻ പാടില്ല. വാസ്തവമാലോചിച്ചാൽ, ആ കാവ്യത്തിൽ കാളിദാസന്റേതാണെന്നു വിശ്വസിക്കപ്പെടുന്ന ആദ്യത്തെ എട്ടു സർഗ്ഗങ്ങൾ കുമാരജനനത്തിന്റെ പശ്ചാത്തലം മാത്രമേ ആവുന്നുള്ളൂ. രഘുവംശത്തിലാണു തനിക്കു കുമാരന്മാരോടുള്ള സവിശേഷപക്ഷപാതത്തെ കവി ദൃഷ്ടാന്തപ്പെടുത്തിട്ടുള്ളത്. ഒരാദർശപുരുഷനു വേണ്ടുന്ന ഗുണങ്ങളൊക്കെ തികഞ്ഞ വ്യക്തിയായിട്ടാണു കാളിദാസൻ ഗുഹനെ കരുതിയിരുന്നതെന്നു തോന്നും തരംകിട്ടുമ്പോഴെല്ലാം ആ മഹാകവി ഗുഹന്റെ പേരു തന്റെ കൃതികളിൽകൊണ്ടുവന്നു ഘടിപ്പിക്കുന്നതിൽ കാണിച്ച താല്പര്യം കണ്ടാൽ. രഘുവംശരാജകുമാരന്മാരുടെ പൌരുഷാദിഗുണങ്ങളെ കീർത്തിക്കുന്ന സന്ദർഭങ്ങളിൽ മാത്രമല്ലതാനും ഈ പക്ഷപാതം പ്രദർശിപ്പിച്ചിട്ടുള്ളത്. പാർവ്വതി നനച്ചുവളർത്തിയ ഒരു ദേവദാരുവൃക്ഷത്തെപ്പററി പ്രസംഗവശാൽ പ്രസ്താവിക്കേണ്ടിവന്നപ്പോഴും അതു അനായാസേന പുറത്തുവന്നിരുന്നു. പരമേശ്വരന്നു ആ വൃക്ഷത്തോടു പിതൃനിർവ്വിശേഷമായ സ്നേഹം തോന്നാൻ കാരണം അതു സ്കന്ദമാതാവു നല്കിയ പയസ്സിന്റെ രസജ്ഞനായിരുന്നു എന്നുള്ളതാണത്രെ! പരമേശ്വരന്റെ പ്രാണപ്രേയസി നട്ടുവളർത്തിയതാണെന്നു പറഞ്ഞാൽ മതിയാവാഞ്ഞിട്ടാണല്ലോ "സ്കന്ദന്റെ മാതാവു" എന്നുതന്നെ പറയേണ്ടിവന്നതു്.

യോ ഹേമകുംഭസ്തനനിസ്സൃതാഭ്യാം
സ്കന്ദസ്യ മാതുഃ പയസാം രസജ്ഞഃ.

(ര. വം. 2. 36)

ഇത്രകൊണ്ടും മതിയായില്ല. ആ ദേവദാരുദ്രുമത്തിന്നു ഒരു കാട്ടാനയിൽനിന്നു പരുക്കേററപ്പോൾ, പാർവ്വതിക്കുണ്ടായ സങ്കടം അസുരാസ്ത്രങ്ങളേററു മുറിവുപററിയ സേനാനിയെക്കണ്ട അവസരത്തിൽ അനുഭവിച്ച സങ്കടത്തിന്നു തുല്യമായിരുന്നുപോൽ!

തദേനമദ്രേസ്തനയാ ശുശോച
സേനാന്യമാലീഢമിവാസുരാസ്ത്രൈഃ

(ര. വം. 2. 37.)

ഈ ശ്ലോകങ്ങളിൽ ദേവിയുടെ പുത്രവാത്സല്യമോ കവിയുടെ കുമാരപക്ഷപാതമോ ഏതാണധികം മുന്നിട്ടുനില്ക്കുന്നതെന്നു സഹൃദയന്മാർ തീർച്ചപ്പെടുത്തട്ടെ.

സുദക്ഷിണയുടെ ഗർഭാധാനത്തെക്കുറിച്ചു "സുരസരിദിവ തേജോ വഹ്നിനിഷ്ഠ്യൂതമൈശം" എന്നു പറഞ്ഞിട്ടുള്ളതും സ്കന്ദജനനത്തെ അനുസ്മരിച്ചുകൊണ്ടാണ്. രഘുവിന്റെ ജനനത്താൽ ആനന്ദഭരിതരായ സുദക്ഷിണാദിലീപന്മാരെ ശരജന്മാവിനാൽ (സ്കന്ദനാൽ) സന്തുഷ്ടരായിത്തീർന്ന പാർവ്വതീപരമേശ്വരന്മാരോടാണു കാളിദാസൻ ഉപമിച്ചിരിക്കുന്നത്. ഇതാണ് ആ ശ്ലോകം:—

ഉമാവൃഷാങ്കൌ ശരജന്മനായഥാ
യഥാജയന്തേന ശചീപുരന്ദരൌ
തഥാനൃപസ്സാചസുതേന മാഗധീ
നനന്ദതുസ്തത്സദൃശേനതത്സമൌ.

(ര. വം. 3. 23)

യാഗാശ്വത്തെ അപഹരിച്ച ദേവേന്ദ്രനുമായുള്ള യുദ്ധത്തിൽ രഘുവിനെ "കുമാരവിഭ്രമ"നെന്നു വിശേഷിപ്പിച്ചതും ഇതിന്നനുരൂപമായിട്ടുണ്ടു്.

ഈ കുമാരസാദൃശ്യം രഘുവംശത്തിലൊരു പാരമ്പര്യമായിരുന്നു എന്നു തോന്നും. അജൻ, ദശരഥൻ, ശ്രീരാമൻ ഇവരെപ്പററിയും കാളിദാസനുപയോഗിച്ച വിശേഷണങ്ങൾ വായിച്ചാൽ അജന്റെ ജനനത്തെപ്പററി,

ബ്രാഹ്മേ മുഹൂർത്തേ കില തസ്യ ദേവീ
കുമാരകല്പം സുഷുവേ കുമാരം

എന്നു പറഞ്ഞിട്ടുള്ളതിനെത്തുടർന്ന്, ഇന്ദുമതീസ്വയംവരത്തിനെത്തിച്ചേർന്ന ആ രാജകുമാരനെ "മയൂരപൃഷ്ഠാശ്രയിയായ ഗുഹ"നോടു കവി ഉപമിച്ചിരിക്കുന്നു. അത്രയുമല്ലാ, അനുരൂപനായ ഭർത്താവോടുചേർന്ന ഇന്ദുമ

കുമാരസംഭവം.

—() മൂന്നാംസർഗ്ഗം (തുടർച്ച) ()—

(വിദ്വാൻ, ശ്രീ. സി. മാധവമേനോൻ.)

ഏകാഗ്രചിത്തന്മാരാമങ്ങെഴും തപസ്വികൾ- 24
ക്കാകവേ പരം വൈരിയായിട്ടാവസന്തവും
മാകന്ദബാണനേറ്റം മാനമായീട്ടഹോ-
രാകാരമാർന്നോരമങ്ങെങ്ങും പ്രകാശിച്ചു.

അർക്കനം കൗബേരിയെ നോക്കിയങ്ങകാലത്തിൽ 25
ചിക്കെന്നുപോവാൻ യാത്രയായൊരുനേരത്തിങ്കൽ
ദക്ഷിണയായദിക്കിൻ മുഖത്തിൽനിന്നുദിച്ചി-
തക്ഷണംസമീരനും ദുഃഖനിശ്വാസംപോലെ.

മഞ്ജുളധ്വനിതുകം മഞ്ജീരമണിഞ്ഞുള്ള 26
കഞ്ജാക്ഷീജനത്തിന്റെ കാലടിയേല്ക്കാതെതാൻ
ചെന്തളിരോടുംകൂടി പൂക്കയായശോകങ്ങൾ
ചന്തമായടിമുതല്ക്കപ്പൊഴാവനത്തിങ്കൽ.

പല്ലവാങ്കുരങ്ങളാം പത്രങ്ങളിണക്കിയുൽ- 27
ഫുല്ലനൂതനചൂതബാണത്തിൻ പണിതീർത്തു
മന്മഥനാമാക്ഷരമെന്നപോൽ വണ്ടിണ്ടയെ
മാധവൻ നിരത്തിനാനായതിന്മേലായപ്പോൾ.

അത്യന്തം നിറപ്പകിട്ടാർന്നകൊന്നപ്പൂക്ക- 28
ളത്തലിന്നിടംനല്കി മാനസേ നിർഗ്ഗന്ധതയാൽ:
ഗുണങ്ങളൊക്കെത്തികഞ്ഞുള്ളതാം വസ്തുക്കളെ
പണിതീർക്കയില്ല പത്മജൻ മിക്കവാറും.

ഇന്ദുവിൻകലപോലെ വക്രമായ്ത്തുടുത്തേറ്റം 29
മിന്നിയാവനംതന്നിൽ പലാശമുകുളങ്ങൾ,
മാധവസംഗംമൂലംവനികളിയന്നുള്ള
മാൺപെഴുംപുതുതൻ നഖക്ഷതങ്ങളെന്നപോലെ

വണ്ടണിഞ്ഞുമമ്പോടും ചിത്രമാംതിലകത്തെ 30
വാസന്തലക്ഷ്മീദേവി ചാർത്തിനാൾമുഖംതന്നിൽ
ബാലഭാസ്കരതുല്യസുന്ദരരാഗംകൊണ്ടു
ചേലിൽമാന്തളിർച്ചുണ്ടിൽ ചായവും പിടിപ്പിച്ചാൾ.

മാൻകുലം, മദോന്മത്തം, കുന്നുകൾകൂട്ടം മൂലം- 31
പൂംകുലപ്പൊടിയേറ്റു, കാറ്റിനുനേരായപ്പോൾ
ശുഷ്കപത്രങ്ങൾവീണ മർമ്മരശബ്ദംപൊങ്ങ-
മക്കാട്ടിൽച്ചരിച്ചിതുകൂസൽ കൂടാതെയെങ്ങും.

ചൂതപല്ലവംതിന്നുശുദ്ധമാം കണ്ഠത്തോടു- 32
മാതകമെന്ന്യേ കൂകിയാൺകുയിൽ മനോജ്ഞമായ്.
മാനിനീജനത്തിന്റെ മാനത്തെത്തകർത്തീടും
മാന്മഥവചസ്സായിച്ചമഞ്ഞിതതുതന്നെ.

നീഹാരകാലംപോയിശുദ്ധമായധരങ്ങൾ, 33
മോഹനപ്പൂവിതുകിയാനനം വെളുപ്പാർന്ന
കിന്നരീജനത്തിന്റെ പത്രകങ്ങളേറ്റം
മിന്നുമാറായി സ്വേദബിന്ദുക്കളോടുമപ്പോൾ.

ശങ്കരൻതപം ചെയ്യുമാവനവാണീടുന്ന 34
ശാന്തരാം മുനീന്ദ്രന്മാർ, മാധവനകാലത്തിൽ
തത്രവന്നതുകണ്ടു വിക്രിയയാർന്നീടുന്ന
ചിത്തങ്ങളടക്കുവാനേറ്റവും പണിപ്പെട്ടാർ.

തിയെ വിദർഭേശ്വരൻ സാക്ഷാൽ “സ്കന്ദനോടൊരുമിച്ചദേവസേനയെ”പ്പോലെയാണത്ര വിഭാവനം ചെയ്തതു്.

ക്രൗഞ്ചധാരണനായ കുമാരനെ അനുസ്മരിച്ചാണ് ദശരഥനെ “നഗരന്ധ്രകരൌജസ്സ്” എന്നു കവി വർണ്ണിച്ചിട്ടുള്ളതു്.

ഭാർഗ്ഗവന്റെ ഗർവ്വമടക്കി വിജയിയായ രാമനെ “ശരസൂനുസന്നിഭ”നെന്നു പുകഴ്ത്തിയതിന്റെ സാർത്ഥകതയെ ദൃഢീകരിപ്പാനെന്നപോലെ,

“സർവ്വാസുമാതൃഷ്വപിവത്സലത്വാൽ
സനിർവ്വിശേഷപ്രതിപത്തിരാസീൽ
ഷഡാനനാപീതപയോധരാസു
നേതാ ചമൂനാമിവ കൃത്തികാസു

എന്നിങ്ങിനെ രാമൻ അമ്മമാർ മൂവർക്കും സമാനവാത്സല്യനായിത്തീർന്നതിനെപ്പറ്റി കവി വർണ്ണിച്ചിരിക്കുന്നതും എത്ര ചമൽക്കൃതമായിരിക്കുന്നു! ആറുമുഖങ്ങൾകൊണ്ടു ആറമ്മമാരുടെയും മുലകുടിച്ച കാർത്തികേയനും മൂന്നമ്മമാരുടെയും വാത്സല്യലേശം തുല്യപ്രതിപത്തിയോടുകൂടി നുകർന്ന രാമനും സമാനന്മാരായിരുന്നു കവിദൃഷ്ടിയിൽ.

കുശാത്മജനായ അതിഥിയും “ഷണ്മുഖവിക്രമ”നായിരുന്നു.

ആജന്മശുദ്ധ്യാദിഗുണഗണങ്ങളുടെ ആകരങ്ങളായിരുന്ന രഘുവംശരാജാക്കന്മാരിൽ പലരും ഇങ്ങിനെ കുമാരസദൃശരായിരുന്നു എന്നു തരംകിട്ടുമ്പോഴെല്ലാം കീർത്തിക്കുന്ന കാളിദാസൻ തീർച്ചയായും കുമാരപക്ഷപാതിയായിരുന്നു എന്നെങ്ങിനെ പറയാതിരിക്കും?

---

35 പുഷ്പബാണനവും കുലച്ചു ധനുസ്സൻ രതിയോടും
ശിഷ്ടപ്രേമങ്ങൾക്കുവ ചിന്ദ്രങ്ങളശേഷവും
ഉൾക്കടരാഗാവിഷ്ടരായഹോ, രതിഭാവ-
മൊക്കെയും വെളിവാക്കിയവ ഭംഗികൾകൊണ്ടോരോ
(ന്നായ്.

36 വണ്ടുതൻപ്രിയയോടൊരേതകമാം പുഷ്പപാത്രത്തി-
ലുണ്ടിതു പൂന്തേൻ, കൃഷ്ണസാരവും സ്പർശംമൂലം
കണ്ണടച്ചതിമോദംപൂണ്ടങ്ങു നിന്നിട്ടും തൻ-
പെണ്ണിനെശ്ശൃംഗംകൊണ്ടു മെല്ലെ ചൊറിഞ്ഞിതു.

37 സാംസരജഃഗന്ധം ചേരുന്ന ഗണ്ഡൂഷാംബു-
സ്സാരസാപിടിച്ചുള്ള പെണ്ണാനകൊടുത്തുനകി;
താൻപാതിതിന്നുള്ളൊരുതാമരവലയത്തെ
താൽപര്യമോടേകോകം കോകിക്കും കൊടുത്തിതു.

38 പത്രകാങ്കുറത്തൊന്നമാഞ്ഞുമെ ചിത്രമാംരസ്സാൽ,
നേത്രങ്ങളിളകിയും വാരുണീസംസേവയാൽ
രാജിക്കും പ്രിയാമുഖം കിന്നരൻ പാടും മദ്ധ്യേ
രാഗമാർന്നത്യാമോദം ചുംബനം ചെയ്തീടിനാൻ.

39 പൂങ്കുലക്കളിക്കൊങ്കയല്ലസൽത്തളിർച്ചുണ്ടും
പൂണ്ടെഴും മനോഹരവല്ലികാവധൂടികൾ
സന്നതമുഖരോളിക്കങ്ങളന്ന്യുപ്പുറം
നന്നായിപ്പുണർന്നിതു പാദപവരന്മാരെ.

40 ദേവനർത്തകീഗാനം കേട്ടിതെന്നാലും തെല്ലും
ഭാവഭേദമേയാർന്നീലന്നേരം മഹാദേവൻ;
ഉണ്ടാകയില്ലൊന്നും വശ്യമാനസന്മാരാ-
യുള്ളവർക്കാത്മധ്യാന വിഘ്നങ്ങളൊരിക്കലും.

41 ഭൂതേശൻ തപം ചെയ്യുമാലതാഗൃഹത്തിന്റെ
വാതില്ക്കൽ ഹേമവേത്രമിടം കൈത്തണ്ടിലേന്തി
നിന്നീടും നന്ദിയപ്പോൾ നിർത്തുവിൻ ചാപല്യങ്ങ-
ളെന്നാസ്യവിരൽ വെച്ചു ശാസിച്ചാൻ ഗണങ്ങളെ.

42 വൃക്ഷങ്ങളനങ്ങാതായ്, വണ്ടുകൾ മൂളാതെയായ്,
പക്ഷികൾ പാട്ടുനിർത്തി, മൃഗങ്ങൾ സഞ്ചാരവും;
ഏവമായവൻതന്റെയാജ്ഞയാൽ വനമെല്ലാം
കേവലം ചിത്രത്തിങ്കലപ്പിച്ചപോലെയായി!

43 ദേവപുന്നാഗം ചുറവും പടർന്നാഹരധ്യാന-
ഭൂവിലായ്, യാത്രാമുഖേശുക്രദൃഷ്ടിയെപ്പോലെ
നന്ദികേശന്റെദൃഷ്ടിപാതത്തെസ്സൂക്ഷിച്ചുതാൻ
കന്ദർപ്പനും മെല്ലെക്കടന്നു ചെന്നീടിനാൻ.

44 മിന്നീടും ദേവദാരുദ്രുമത്തിൻ തറതന്മേൽ
നന്നായിപ്പുലിത്തോലിട്ടായതിൽ സംയമിയായ്
മേവീടും മുക്കണ്ണനെ, മൃത്യുവന്നടുത്തോരു
പൂവമ്പൻ കണ്ടിടിനാനനന്തരമെന്നേവേണ്ടു:

45 പര്യങ്കബന്ധംമൂലമൂർദ്ധ്വാംഗമുറപ്പിച്ചും,
നീണ്ടേററംനിവർന്നും, തൻ തോളുകളയച്ചിട്ടും,
ഫുല്ലപദ്മങ്ങൾ പോലെ പാണികൾരണ്ടും സ്വയ-
മങ്കത്തിൽ മലർത്തിത്താൻ വെച്ചതുമനങ്ങാതെ
മൗലിയിൽജ്ജടാഭാരം സർപ്പത്താൽകെട്ടിവെച്ചും,
കണ്ണത്തിലക്ഷസൂത്രം തൂക്കിയുമിരുപുറവായ്,
കണ്ഠത്തിൽ കാന്തിയേററു നീലിമവർദ്ധിച്ചതായ്-
ക്കെട്ടെഴുംമൃഗചർമ്മം പൂണനൂലായണിഞ്ഞും,
ഒട്ടൊളിവീശിപ്പാരം തൈക്ഷ്ണ്യമാർന്നനങ്ങാത്ത-
ത്താരകളോടും, ചെറും ഭ്രൂക്കളും പക്ഷ്മങ്ങളും
ചാഞ്ചല്യമാർന്നിടാതെ നാസാഗ്രത്തിന്നുനേരായ്
കീഴ്പ്പോട്ടുപതിക്കുന്ന രശ്മികളോടും ചേർന്നു
മിന്നീടും നേത്രങ്ങളാലേററവുമുജ്ജ്വലിച്ചും,
വൃഷ്ടിക്കുമുമ്പുവിങ്ങും മേഘമെന്നതുപോലെ,-
യൊട്ടുമേ തിരമാലയില്ലാത്തക്കയംപോലെ
കാററററദിക്കിൽക്കത്തും ദീപമെന്നതുപോലെ
പ്രാണാദിവായുക്കൾക്കു സഞ്ചാരം ലേശംപോലും
ചേരാതെയുള്ളിൽ നന്നായടക്കിവെച്ചുകൊണ്ടും,
സുഷുമ്നാശിരസ്സിങ്കലുളവായ് ഭ്രൂമധ്യാക്ഷി-
വഴിക്കുതിളങ്ങുന്ന തേജസ്സിൻ പ്രരോഹത്താൽ
താമരനൂലിനേക്കാൾ രമ്യമാം ബാലചന്ദ്ര-
രശ്മിതൻ കാന്തിപാരം മങ്ങുമാറാക്കിവെച്ചും,
നിശ്ചലധ്യാനംമൂലം നവദ്വാരത്തിൽനിന്നും
ചിത്തത്തെ പിന്തിരിച്ചു ഹൃത്തിങ്കലുറപ്പിച്ചും,
ക്ഷേത്രവിത്തുകളോതും നിത്യനാമാത്മാവിനെ-
യാത്മനി കണ്ടാനന്ദം തേടുമായതിന്നുതന്നെ.

51 ആവിധം മനംകൊണ്ടുപോലുമേയധൃഷ്യനായ്
മേവീടും മുക്കണ്ണനെയന്തികേ കണ്ടനേരം
പേടിയാൽത്തളർന്നുതൻകൈയിൽ നിന്നമ്പും വില്ലും
ചോർന്നഹോ, പതിച്ചതേ മന്മഥനറിഞ്ഞീലാ!

52 മികച്ചും നശിച്ചോരുമാരന്റെ വീര്യംവീണ്ടും
തന്നുടെസൗന്ദര്യത്താലണ്ണത്താനെന്നപോലെ
അന്നേരം കാണായ്‌വന്നുതോഴിമാരിരുപേരൊ-
ത്തന്നഗനാഥൻതന്റെ നന്ദിനി വരുന്നതായ്:

53 പദ്മരാഗത്തെപ്പോലും കാന്തിയാൽ വെന്നീടുന്ന
പാവനശ്രീവായ്ക്കുന്ന കങ്കേളീസുമം, പിന്നെ
മുത്തൊളിവീശുംനൊച്ചി, തങ്കത്തെത്താഴ്ത്തുംകൊന്ന
മുറുമീവസന്തപ്പൂപ്പൂണ്ടങ്ങളണിഞ്ഞുമേ.

ഇന്ത്യാചരിത്രപഠനം

(ശ്രീമതി പോട്ടയിൽ കമലാദേവി, B. A.)

I

ഭാരതീയരായ നാം ഇന്നു ഒരു പുതിയ ജീവിതത്തിൽ പ്രവേശിച്ചിരിക്കുന്നു. ദീർഘകാലത്തെ സ്വാതന്ത്ര്യസമരത്തിന്നുശേഷം ഭാരതാംബ ഇപ്പോൾ സ്വതന്ത്രയായിരിക്കുന്നു. നീണ്ട ഒരു കാളരാത്രിക്കുശേഷമുണ്ടായ ഈ സ്വാതന്ത്ര്യസൂര്യോദയത്തിൽ നാം പ്രധാനമായ് ശ്രദ്ധപതിപ്പിക്കേണ്ടതു മാതൃഭൂമിയുടെ ചരിത്രപഠനത്തിലാകുന്നു. നമ്മുടെ വിജ്ഞാനത്തിൽ അപൂർണ്ണമായ് സ്ഥിതിചെയ്യുന്ന ഒരു ഭാഗം ചരിത്രം മാത്രമാണ്. പ്രത്യേകിച്ചു നമുക്കു ഈ മഹനീയോദ്ദേശ്യത്തിൽ പുരാതനരും പ്രസിദ്ധപണ്ഡിതന്മാരുമായിരുന്ന വാത്മീകി, വ്യാസൻ, പാണിനി, പതഞ്ജലി, ഗൌതമൻ, ശങ്കരാചാര്യർ എന്നീ കർമ്മയോഗികളുടെ ചരിത്രങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുന്നു. എന്നുമാത്രമല്ല, മനസ്സിന്നു വിജ്ഞാനവും ബുദ്ധിക്കു വികാസവും സിദ്ധിക്കുവാനും ചരിത്രപഠനംപോലെ (മാതൃഭൂമിയുടെ)വേറെ ഒന്നും ഇല്ല.

ഈ മഹനീയോദ്ദേശ്യത്തിന്ന് ആദ്യംവേണ്ടതു പൂർവ്വചരിത്രരേഖകൾ ഒന്നു ചർച്ചചെയ്യുകയാണ്. എന്നാൽ, ഭാരതീയചരിത്രരേഖകൾ നമ്മുടെപുണ്യഭൂമിയിൽ വളരെ കുറവാണെന്നു ഈ ശ്രമത്തിൽ നിന്നനുഭവപ്പെടുന്നതാണ്. ഹിന്ദുക്കൾ ചരിത്രപഠനത്തിൽ അത്രത്തോളം ഉദാസീനന്മാരായിരുന്നുവോ എന്നു പലരും ചോദിച്ചേക്കാം. പക്ഷെ, യഥാർത്ഥകാരണം അതല്ല. ചരിത്രാതീതകാലംമുതല്ക്കുതന്നെ ഇന്ത്യ പല വിദേശിയരുടെയും ആക്രമണത്തിന്നു പാത്രമായിരുന്നു. സംസ്കാരത്തിലും സമ്പത്തിലും അന്നു മുന്നണിയിൽ നിന്നിരുന്ന ഭാരതം ആദ്യം പേർഷ്യൻരാജാവായ ഡേറിയസ്സിന്റെ ആക്രമണത്തിന്നും, പിന്നെ തുടർച്ചയായി ക്ഷത്രിയരുടേയും മുഹമ്മദീയരുടേയും പാശ്ചാത്യരുടേയും ആക്രമണങ്ങൾക്കും വിധേയമായിത്തീർന്നു. അഭ്യന്തരകലഹങ്ങളും പരക്കെ അക്കാലത്തുണ്ടായിരുന്നു. ദീർഘകാലത്തോളം നിലനിന്ന സമരങ്ങൾക്കിടയിൽ നമ്മുടെ പൂർവ്വികന്മാരുടെ കയ്യെഴുത്തുഗ്രന്ഥങ്ങൾ നിശ്ശേഷം നശിച്ചുപോയി. അഭ്യന്തരകലഹത്തിലും അന്തഃഛിദ്രത്തിലും അന്നത്തെ ഭരണാധികാരികൾ അവയെ ഗണ്യമാക്കിയില്ല. വെള്ളക്കാരുടെ ഭരണം സ്ഥാപിതമായതോടുകൂടി ശേഷിച്ചുകിടന്നിരുന്ന രേഖകളും നഷ്ടപ്പെട്ടു. ബ്രാഹ്മണരുടെ അശ്രദ്ധയും നമ്മുടെ കാലാവസ്ഥയും അവയെ നാമാവിശേഷമാക്കുവാൻ സഹായിച്ചു.

ഹിന്ദുക്കൾ ചരിത്രപഠനത്തിൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നുവെന്നു ക്രിസ്താബ്ദം 7-ാം ശതകത്തിന്റെ ആദ്യത്തിൽ ഇന്ത്യ(മഗധ)സന്ദർശിച്ചഹ്യൂവൻസാങ്ങ് (എന്ന ചീനയാത്രക്കാരൻ) അദ്ദേഹത്തിന്റെ കുറിപ്പുകളിൽ പറയുന്നുണ്ട്. അന്നന്നു നടന്നിരുന്ന സംഭവങ്ങളെ കുറിക്കുവാൻ അന്നു മഗധയിൽ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നുവെന്നും, നില പീഠകങ്ങളെപ്പറ്റി പറഞ്ഞുവന്നിരുന്ന അവരുടെ കുറിപ്പുകൾ ചരിത്രരേഖകളല്ലാതെ മറ്റൊന്നുമല്ലെന്നും ആ ചീനക്കാരൻ വിശദീകരിക്കുന്നുണ്ട്. ഹർഷന്റെ കാലത്തും ഈ നില പീഠകങ്ങൾ ഉണ്ടായിരുന്നു. സംസ്കൃതസാഹിത്യലോകത്തിലെ ഏക ചരിത്രഗ്രന്ഥം പന്ത്രണ്ടാംശ

വാർമുലക്കുടം തെല്ലുതാഴ്ത്തിയത്തന്വികൾ 54
ബാലാക്കുളുടപ്പേലും വാസസ്സൊന്നടക്കയാൽ
നല്ലാമ്പൂങ്കുലയേന്തി ചെന്തളിരോടുംകൂടി
മെല്ലവേചരിച്ചിടും വല്ലിപോൽ പ്രകാശിച്ചും,
നിക്ഷേപയോഗ്യസ്ഥാനം നോക്കിയാമനോഭവൻ
സൂക്ഷിച്ചതൻവില്ലിന്റെ മറ്റൊരുഗുണംപോലെ
ഭാസിക്കുമിലത്തിറ്റുമാലയാം രോമത്തെ
സ്രംസിക്കാതരയിട്ടു,താങ്ങിയും വീണ്ടും വീണ്ടും,
നിശ്വാസസൌരഭ്യത്തിലോലവും കൂകാതിയോടും
പേശലാധരം നോക്കിച്ചെന്നിട്ടും വണ്ടുതാനെ
സംഭ്രമിച്ചിളകുന്ന കണ്ണുകളോടുംകൂടി
സുവ്രതൻ ലീലാബ്ജത്താലാട്ടിയമടിക്കടി
അങ്ങുമിങ്ങുമൊക്കെല്ലാം ചുറ്റിത്തിരിഞ്ഞുതൻപ്രിയയുമൊ
ങ്ങൊകിട്ടാ ഒട്ടുശോഭിക്കുമഗജയെ
അങ്ങകണ്ടലരമ്പനാശയാന്നിത്തുവീണ്ടു-
മം, ജിതേന്ദ്രിയനായ ശൂലിയിൽ ശരമെയ്യാൻ.

(തുടരും)

—:o:—

തകത്തിന്റെ മദ്ധ്യത്തിൽ എഴുതിയ കൽഹനപണ്ഡിതന്റെ "രാജതരംഗിണി" മാത്രമാണ്. അക്ബറുടെ കാലത്തെ രാജകീയകവിയായിരുന്ന അബുൽഫസൽ കുറച്ചുചരിത്രം എഴുതിയിട്ടുണ്ട്. അദ്ദേഹം ഹിന്ദുസാഹിത്യകാരന്മാരുടെ കുറിപ്പുകളെ തീർച്ചയായും അവലംബിച്ചിരിക്കണം. ഇനി നമുക്കാലോചിക്കാവുന്നതു് സുപ്രസിദ്ധനായ ചാന്ദിന്റെ പദ്യങ്ങ(Bardic poems)ളാണ്. രജപുത്രയോദ്ധാവായിരുന്ന പൃത്ഥ്വിരാജന്റെ ധീരകൃത്യങ്ങളെ ചാന്ദ് പാടിപ്പുകഴ്ത്തുന്നു. സ്വരാജ്യത്തിനുവേണ്ടി ധീരധീരം പൊരുതി വീരസ്വർഗ്ഗം പ്രാപിച്ച ആ ക്ഷത്രിയവീരന്റെ കീർത്തികളെ സ്തുതിക്കുമ്പോൾ ചാന്ദ് അന്നു നടന്നിരുന്ന പ്രധാന സംഭവങ്ങളെയും സൂചിപ്പിക്കുന്നുണ്ട്. സാഹിത്യത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നില്ലെങ്കിലും പൂർണ്ണമാകാത്ത ചരിത്രരേഖകളാണ് ഈ പാട്ടുകൾ എന്നു നമുക്കു മനസ്സിലാക്കാം. ഇങ്ങിനത്തെ അനവധി നാടോടിപ്പാട്ടുകൾ അക്കാലത്തെ ചരിത്രം വെളിവാക്കിയിരുന്നു.

പ്രസ്തുത സംഗതികളിൽനിന്നെല്ലാം സ്പഷ്ടമാകുന്നതു പൗരാണികന്മാരായ ഹിന്ദുക്കൾ ഈ മഹത്തായ ഉദ്ദേശ്യത്തിൽ ഒരുകാലത്തും പിന്നണിയിലായിരുന്നില്ലെന്നാണ്. അവരിൽ ഈ കളങ്കം ചുമത്തുന്ന പാശ്ചാത്യരുടെ ഇടയിലും ചരിത്രനിർമ്മാണം ആദ്യം തുടങ്ങിയതു ഇറ്റാലിയൻ നവോത്ഥാനത്തിനു ശേഷമാണെന്നു സർവ്വസമ്മതമാണ്. സ്വാർത്ഥികളും അധികാരകാംക്ഷികളുമായ വെള്ളക്കാരുടെ മറച്ചുവെച്ച ചരിത്രമാണു നാം ഇതുവരെയായും പഠിച്ചിരുന്നതു്. അവരുടെ അധികാരം സ്ഥാപിക്കുവാനും, മററുള്ളവരുടെ കണ്ണിൽ അവരെ ന്യായസ്ഥന്മാരാക്കുവാനും അവർ പല യഥാർത്ഥ സംഭവങ്ങളും മറച്ചുവെച്ചിട്ടുണ്ട്. അനാവശ്യമായി ആ കാലത്തെ മുഹമ്മദീയഭരണാധികാരികളിലും സ്വാതന്ത്ര്യത്തിനുവേണ്ടി ധീരതയോടെ അവരുമായ് മല്ലടിച്ച മററു പല കോയ്മകളിലും അവർ പല കള്ളക്കുററങ്ങളും ചുമത്തിയിട്ടുണ്ട്. ഇങ്ങിനെയുള്ള കളവായ അറിവാണു നമുക്കു് ഇതുവരെയായി സിദ്ധിച്ചിരുന്നതു്. ചില പ്രധാനസംഭവങ്ങളിൽക്കൂടി ഒന്നു കണ്ണോടിക്കുകയാണെങ്കിൽ അവരുടെ കാപട്യം പ്രത്യക്ഷീഭവിക്കുന്നതാണ്.

ആംഗ്ലേയസാഹിത്യകാരന്മാരുടെ ഇടയിൽ ഏററവും നികൃഷ്ടവും ദാരുണവും ആയിപ്പറയപ്പെടുന്ന "കൽക്കത്തയിലെ ഇരുട്ടറ" എന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണ്. ഇതു നടന്നതു് 1756 ജൂൺമാസം 20-ാംതിയ്യതിയാകുന്നു. അക്കാലത്തെ ബംഗാൾനവാബായിരുന്ന സുരാജ്ദൌല ഒരു മൂഢനും അവിവേകിയും ആയിരുന്നു എന്നുള്ളതിന് യാതൊരു തർക്കവുമില്ല. എന്നാൽ, ഇതിൽ അദ്ദേഹം നിരപരാധിയാണ്. (കൽക്കത്തയിലെ കൂട്ടക്കൊല തീരെ സംഭാവ്യമല്ലാത്തതാണെന്നു ഇപ്പോൾ പലരും അഭിപ്രായപ്പെടുന്നുണ്ട്. ഉണ്ടായെങ്കിൽത്തന്നെ നവാബ് നിരപരാധിയാണ്.) കൽക്കത്തയിലെ ഫോർട്ട്‌വില്യം എന്ന കോട്ട നവാബിന്റെ കൈവശമായപ്പോൾ ഹോൾവെൽ എന്ന ഇംഗ്ലീഷുകാരനുൾപ്പെടെ 146 തടവുകാർ സുരാജ്ദൌലക്കു മുമ്പാകെ ഹാജരാക്കപ്പെട്ടു. നവാബ് അവരുടെ ചങ്ങലകൾ ഉടൻ നീക്കംചെയ്യുവാൻ ആജ്ഞാപിച്ചെന്നുമാത്രമല്ല അവരെ ഉപദ്രവിക്കില്ലെന്നു ഉറപ്പുനല്കുകയും ചെയ്തു. രാത്രി കോട്ട സൂക്ഷിപ്പുകാർ സ്ഥലദൌർലഭ്യം കാരണം തങ്ങൾ ചെയ്യുന്ന കർമ്മത്തിന്റെ ഗൌരവമാലോചിക്കാതെ ഒരു ചെറിയ മുറിയിൽ അവരെ അടച്ചു. ജൂൺമാസത്തിലെ അത്യുഷ്ണത്തിൽ ആ ചെറിയ മുറിയിൽ 23പേരൊഴിച്ചു ബാക്കി തടവുകാർ ശ്വാസംമുട്ടി മരിച്ചുപോയി. അവരുടെ മരണം ഹൃദയഭേദകമാണെങ്കിലും നവാബ് ഇതിൽ നിരപരാധിയാണെന്നോർക്കേണ്ടതാണ്. അവിവേകിയായ അദ്ദേഹം തന്റെ ആൾക്കാർ ഇങ്ങിനെ ചെയ്യുമെന്നു് ഓർത്തില്ല. പിറേറദിവസം മാത്രമാണ് അദ്ദേഹം ഈ സംഭവമറിഞ്ഞതു്. നവാബിന്റെ ബുദ്ധിശൂന്യതയ്ക്കും ഈ ദാരുണസംഭവത്തിൽ ഒരു പങ്കുണ്ടെങ്കിലും അയാൾ അതു കല്പിച്ചുകൂട്ടി ചെയ്തതാണെന്നു വെള്ളക്കാർ അവരുടെ ചരിത്രപുസ്തകങ്ങളിൽ ഘോഷിക്കുന്നതു ശരിയല്ല. നവാബിന് അവരെ നശിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നെങ്കിൽ ഈ 23പേരെമാത്രം ഈ കള്ളക്കഥ പ്രചരിപ്പിക്കുവാൻ പുറത്തുവിടേണ്ട ആവശ്യമുണ്ടായിരുന്നോ? അവരെയും വധിക്കാമായിരുന്നില്ലേ? തന്റെ പേരിൽ ചുമത്തിയ അപരാധം വെറും ഒരു തമാശയായ് കരുതിയ നവാബ് അതു ഇല്ലാതാക്കുവാൻ ശ്രമിച്ചതുമില്ല. ചങ്ങലകളിൽനിന്നു വിമുക്തരായ അവർ അദ്ദേഹത്തോടു കൃതജ്ഞതപ്രകടിപ്പിച്ചതു്. ഈ കുററം ചുമത്തി ലോകത്തിനു മുമ്പാകെ അദ്ദേഹത്തെ നികൃഷ്ടനും നിന്ദ്യനുമാക്കിത്തീർക്കുക എന്ന ഔദ്ധത്യത്തിന്നായേക്കാം!

ആംഗ്ലേയചരിത്രകാരന്മാർ മറച്ചുവെച്ച വേറൊരു സംഗതി സിക്കകാരെ ലഹളക്കു പ്രേരിപ്പിച്ച രണ്ടാം സിക്കുയുദ്ധമാകുന്നു. മിക്ക ആംഗ്ലേയചരിത്രകാരന്മാരും സിക്കകാരാണു രണ്ടാംസിക്ക യുദ്ധത്തിന് ഉത്തരവാദികളെന്നും, തുടർന്നുണ്ടായ അവരുടെ രാജ്യം കൈവശപ്പെടുത്തൽ വിശ്വാസവഞ്ചനക്കുള്ള ശിക്ഷയായിരുന്നുവെന്നും സിദ്ധാന്തിക്കുന്നു. ബ്രിട്ടീഷുഭരണത്തിൻ കീഴിലുണ്ടായിരുന്ന സിക്കകാർ അനാവശ്യമായി ലഹള തുടങ്ങിഎന്നുപറയുന്നതു് അവാസ്തവമാണ്. ദേശഭക്തരും അഭിമാനികളും ആയ അവരെ മൂന്നു പ്രധാനപ്രകോപജനകങ്ങളായ സംഭവങ്ങൾ നമ്മളുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യരക്ഷക്കുവേണ്ടി വാളെടുപ്പിച്ചുവെന്നതാണു പരമാൎത്ഥം. ആ മൂന്നു പ്രധാന സംഭവങ്ങൾ 1. സിക്കകാരുടെ അഭിമാനസ്തംഭമായി വിലസിയിരുന്ന രാണാരഞ്ജിത്സിംഹന്റെ പത്നി ജിണ്ടാകോറിനെ നാടുകടത്തൽ 2. സിംഹാസനാവകാശിയായിരുന്ന ദിലിപ്സിംഹന്റെ വിവാഹം അനാവശ്യമായ് നീട്ടിത്തടഞ്ഞാരാ രാജ്യാവകാശത്തിന്റെ നിലനില്പിനെ തടയുവാൻ ശ്രമിച്ചതു്. 3. പ്രധാന സിക്കനേതാവായിരുന്ന രാണാഷേർസിംഹന്റെ പിതാവായിരുന്ന സർദാർ ഛത്തർസിംഹനോടുള്ള ക്രമവിരോധവും അന്യായവുമായ പെരുമാറ്റം എന്നിവയാകുന്നു. ഈ പ്രകോപജനകങ്ങളായ സംഭവങ്ങൾ സിക്കകാർക്ക് അവരുടെ രക്തത്തെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ബലികഴിപ്പിക്കുവാൻ സംഗതി വരുത്തി എന്നതാണു പരമാൎത്ഥം. (സിക്കകാരല്ല, വെള്ളക്കാർതന്നെയാണു 2-ാംസിക്കയുദ്ധത്തിനു ഹേതുഭൂതന്മാർ)

ഇതുപോലെതന്നെ തങ്ങൾ നിരപരാധികളാണെന്നു വാദിക്കുന്ന വേറെ ഒരു സംഗതി അയോദ്ധ്യ ഇംഗ്ലീഷുസാമ്രാജ്യത്തോടുകൂട്ടിച്ചേൎത്തതിലാണ്. അയോദ്ധ്യയിലെ ജനങ്ങൾ അവരുടെ നവാബിന്റെ ദുർഭരണം സഹിക്കുവാൻ വയ്യാതെ ഇംഗ്ലീഷുകാരോടു സഹായത്തിന്നപേക്ഷിച്ചുവെന്നും, അവരുടെ അപേക്ഷപ്രകാരം അയോദ്ധ്യകൂടി തങ്ങളുടെ പ്രദേശത്തോടു ചേൎത്തുവെന്നുമാണ് അവരുടെ പുസ്തകങ്ങളിൽ പ്രതിപാദിക്കുന്നതു്. ദുർഭരണമാണു അന്നയോദ്ധ്യയിൽ നടന്നിരുന്നതെങ്കിൽ അയോദ്ധ്യയുടെ പരിധിയിൽ സ്ഥിതിചെയ്തിരുന്ന ബ്രിട്ടീഷു അതിൎത്തിയിലേക്കു അവിടത്തെ നിവാസികൾക്കു മാറി പാൎക്കാമായിരുന്നല്ലോ. എന്നാൽ നേരെമറിച്ചാണു സംഭവം. ബ്രിട്ടീഷുകൈവശത്തിൽഉണ്ടായിരുന്ന സ്ഥലത്തെ ജനങ്ങൾ നവാബിന്റെ കീഴിലുണ്ടായിരുന്നപ്രദേശത്തേയ്ക്കാണു മാറിപ്പാൎത്തിരുന്നതു്. എവിടെയാണ് അപ്പോൾ ദുർഭരണം നടത്തിയിരുന്നതെന്നു സ്പഷ്ടമാണല്ലോ. 1801ൽ വെല്ലസ്ലിപ്രഭു അയോദ്ധ്യയിലെ ഒരു പ്രധാന ഭാഗം കൈവശപ്പെടുത്തി. ആ സമയത്തു നവാബിന്റെ കീഴിലുണ്ടായിരുന്ന ജന്മികൾ യാതൊരു ശല്യവുംകൂടാതെ വസിച്ചിരുന്നുവെന്നും, ബ്രിട്ടീഷാധിപത്യത്തിൻ കീഴിലുണ്ടായിരുന്ന ജനപദത്തിലെ ജന്മികളെ അവർ അവിടെനിന്നു വേഗം ഓടിച്ചുവെന്നും കേൎണൽ സ്ലീമൻതന്നെ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഇനി വേറെ ഒരു തെളിവുംകൂടി എടുക്കാം. മിസ്റ്റർ ഹെർമൻ മെറിവേൽ(Merivale)ന്റെ സർ ഹെൻറിലാറൻസിന്റെ ജീവചരിത്രത്തിന്റെ രണ്ടാംപതിപ്പിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ട്:—1870ൽ എടുത്ത അയോദ്ധ്യയിലെ കാനേഷുമാരി കണക്കുപ്രകാരം ജനസംഖ്യ വളരെ അധികമായിരുന്നെന്നും, അതു 1856ലെതിൽ നിന്നു വ്യത്യസ്തമല്ലായിരുന്നെന്നും പറയുന്നുണ്ട്. 1856നും 1870നും ഇടയിൽ അയോദ്ധ്യയിൽ വലിയ കലാപം നടന്നുവെന്നും, അനവധി സ്ഥലങ്ങൾ നശിച്ചുവെന്നും, വളരെ ജനങ്ങൾ മരിച്ചുവെന്നും ആംഗ്ലേയചരിത്രകാരന്മാർ [റസിഡണ്ടുമാർ] പറയുന്നു. ഇങ്ങിനെയാണു യഥാൎത്ഥമെങ്കിൽ 1870ലെ ജനസംഖ്യയും 1856ലെയും തമ്മിൽ വ്യത്യസ്തപ്പെടേണ്ടതല്ലേ? സൂക്ഷ്മമായ് പറയുകയാണെങ്കിൽ അയോദ്ധ്യയിലെ ദുർഭരണം വെറും ഒരു കെട്ടുകഥയാണെന്നും ഇംഗ്ലീഷുകാരുടെ സ്വേച്ഛാധിപത്യത്തിൻകീഴിലുണ്ടായ സംഭവങ്ങളെ മറയ്ക്കുവാൻമാത്രം പറഞ്ഞു ഈവക പരത്തിയവയാണെന്നും സ്പഷ്ടമാകുന്നു.

ഈ വക ഉദാഹരണങ്ങൾകൊണ്ടുതന്നെ നമുക്കു സിദ്ധിച്ചിരുന്ന ചരിത്രവിജ്ഞാനം മങ്ങിയ നിലയിലാണെന്നു മനസ്സിലാകുന്നു. ഭാരതം പുരാതനകാലംമുതല്ക്കുതന്നെ സംസ്കാരത്തിലും സമ്പത്തിലും ഉന്നതി പ്രാപിച്ചിരുന്നുവെന്നു അന്നു നമ്മുടെ പുണ്യഭൂമി സന്ദർശിച്ച പല വിദേശസഞ്ചാരികളും രാജാക്കന്മാരും പ്രസ്താവിച്ചുകാണുന്നു. അത്യുന്നതമായ ആ സംസ്കാരം മാത്രമാണു വിദേശീയരെ ഇങ്ങോട്ടാകൎഷിച്ചതു്. എന്തെന്നാൽ, ലോകം മുഴുവനും അന്ധകാരത്തിലും അജ്ഞാനത്തിലും മുങ്ങിക്കിടന്നിരുന്ന സമയത്തു ഭാരതത്തിൽ മാത്രമെ വിജ്ഞാനവും സമഗ്രമായ യശസ്സും വിലസിയിരുന്നുള്ളു. ഹ്യൂൻസാങ്ങ്, ഫാഹിയാൻ, മഗസ്തനിസ്സ് എന്നിവർ അന്നത്തെ ഭാരതത്തിന്റെ സമ്പത്തിനെയും സംസ്കാരത്തിനെയും വളരെ അഭിനന്ദിക്കുന്നുണ്ടെന്നുള്ളതു ഇതിന്നു ഉത്തമ നിദർശനമാണ്.

സോദരീസോദരന്മാർ
അഥവാ
പാഞ്ചാലീപരാഭവം

(ഡോക്ടർ, കോയാത്തു കൊച്ചുണ്ണിമേനോൻ.)

—: തുടർച്ച :—

മാധവഗാംഭീരോദാരതരാകൃതികേ-
ന്ദ്രധരാധീശപുത്രി ചൊല്ലി.
“ഭർത്താക്കന്മാരാരും ഭാര്യാപമാനത്തിൽ
കർത്തവ്യതാമൂഢരാകാറില്ല.
പണ്ടുദശഗ്രീവൻ സീതയെമോഷ്ടിച്ചു
കൊണ്ടോടിപ്പോയപ്പോൾ രാമഭദ്രൻ
മിണ്ടാതിരുന്നുവോ, ശത്രുവധത്തിന്നായ്-
ക്കൊണ്ടന്നുതന്നെ പുറപ്പെട്ടുവോ?
കാലവും, ദേശവും, നേരം, ശകുനവു-
മാലോചിച്ചാലോകജ്ഞനാനിന്നോ?
സുഗ്രീവസഖ്യം ചെയ്തഗ്രജൻ ബാലിയെ
നിഗ്രഹം ചെയ്തതുമെത്രവേഗം!
വാനരാന്വേഷണം, സീതാസന്ദർശനം,
സൈനികസർവ്വാംഗസംഘടനം,
സേതുസംബന്ധനം, സൌഭാഗ്യസാഗര-
കേതുലങ്കാപുരശ്രീമഥനം;
രാവണനിഗ്രഹം, സീതാപരിഗ്രഹ-
മീവകനിർവ്വഹിച്ചീല്ലേശീഘ്രം?
എന്തൊക്കെപ്രാരബ്ധമാരഘുനന്ദനൻ
കാന്തയ്ക്കായന്നു സഹിച്ചതില്ല?
എത്രയോകാലമായിങ്ങഹോവാഴുന്നു?
ചിത്രമിവീരവാദങ്ങളെല്ലാം
ധർമ്മജൻ സത്യനിബദ്ധൻതാൻ, പോകട്ടെ,
ധർമ്മജജായാനിലയും പോട്ടെ.
മറ്റുള്ളോരെന്തുപിഴച്ചിത,വർക്കുള്ളാ-
ത്തറ്റാത്മപത്നീത്വമെങ്ങുപോയി?
പകേതും മറ്റുള്ളോർക്കില്ലാത്തസത്യത്തിൽ
ശങ്കിച്ചുനില്ക്കേണ്ടകാര്യമുണ്ടോ?
സമ്മതംചോദിച്ചു ചെയ്യാത്തതാകയാൽ
സന്മാന്യമല്ലതു, സാധുവല്ല.
കൂട്ടിലടച്ചിട്ടതത്തകൾപോലിന്നി-
ക്കൂട്ടരും വില്പനാവസ്തുക്കളോ?
തന്നെത്താൻജീവിതാദായധനദക്ഷന്മാ-
രന്യന്നടിമയായ് പാർത്തിടേണോ?
എന്തുകൊണ്ടീവകച്ചിന്തകളന്തരം-
ഗാന്തരകാന്തന്മാർക്കുണ്ടായില്ല?
മത്തേഭമസ്തകം തച്ചുപൊളിച്ചുനൽ-
മുത്തുഹരിക്കും ഹരികളേപോലും
ഉത്തമസ്ത്രീജനമാനധനത്തിൽകൈ-
യ്യെത്തിടാ, ചത്തിടാ, നന്നിടാതെ.
സങ്കടത്തിന്നുപരിഹാരമപ്പപ്പോൾ
ചങ്കുറപ്പുള്ളവർ ചെയ്തിടേണ്ടേ?
ദാഹിച്ചനേരത്തുകിട്ടാത്തജീവനം
മോഹിച്ചാർചെന്നിടും മറ്റൊരിക്കൽ?
പിന്നേക്കായ് നിശ്ചിതനക്രിയ നീട്ടിയാ-
ലന്നേക്കാർചെയ്യാനും കാണുവാനും?
ആയുസ്സകരണ്ടാരാര,ന്നേക്കഞ്ഞൊന്നുംഞാൻ
ചായുന്നാടികളും നില്ക്കുമെന്നായ്?”
ഏവമഴൽപ്പുഴവെള്ളം വിലാപമാ-
മോവുവഴിക്കവൾവാർത്തുമാറി.

നിർമ്മലനീരദവർണ്ണനനന്തരം
ധർമ്മജനോടുരചെയ്തുകാര്യം.
“ഞാനന്നാദ്വാരകയിങ്കലിരുന്നാലി-
ന്നൂനദുര്യോഗങ്ങൾ സംഭവിക്കാ.
ദ്യൂതാട്ടത്തിന്നായ് ക്ഷണിച്ചില്ലെന്നാകിലും
ജാതാഭിലാഷമങ്ങെത്തിയേനെ.
ദ്യൂതുകളിക്കുള്ളദോഷങ്ങൾചൊല്ലിയ-
ന്നേതുമതിന്നുഞാൻ സമ്മതിക്കാ.
ദ്യൂതവും, മദ്യവും, നാരിയും, നായാട്ടും,
ആതുരഹേതുകം, കാമജന്യം.
ദ്യൂതാട്ടംനാലിലും വെച്ചേറ്റംനീചമാം
ചേതമാക്കീടുമതൈശ്വര്യങ്ങൾ.
രാജ്യശ്രീനഷ്ടമാ, മിഷ്ടമനിഷ്ടമാം,
ത്യാജ്യമാം ദോഷങ്ങളേറെയുണ്ടാം.

സംസ്കൃതത്തിനുള്ള സാർവ്വത്രികമായസ്ഥാനം.

(ശ്രീ കെ. എം. മുൻഷിയുടെ ഒരു ഇംഗ്ലീഷ് ലേഖനത്തെ അവലംബിച്ച്)
(ശ്രീ. പി. ജി. എം.)

വിദ്യാർത്ഥികളിൽ പ്രകാശിതമാവാതെ കിടക്കുന്ന ഐക്യബോധത്തെ ഉദ്ദീപ്പിക്കുവാൻ അവരെ സംസ്കൃതപരമായ സംസ്കാരത്തിൽ അഭിനിവേശമുള്ളവരാക്കിത്തീർക്കുകയാണു വേണ്ടത്. ഇതിനെ നാം പലപ്പോഴും ആര്യധർമ്മം അല്ലെങ്കിൽ ആര്യസംസ്കാരം എന്നാണു വിളിച്ചുവരുന്നതെങ്കിലും ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ അതു് ആര്യ—ദ്രാവിഡസങ്കലിതമാണെന്നുകാണാം. സംസ്കൃതത്തിൽ കൂടെയാണ് അതു പ്രകാശിതമായിട്ടുള്ളതെന്നുള്ളതുകൊണ്ടാണ്, അതിന്റെ ഉപകരണവും ശക്തിക്കു നിദാനവും സംസ്കൃതമായതുകൊണ്ടാണ്, അതു സംസ്കൃതപരമായ സംസ്കാരമായിത്തീർന്നതു്. നമ്മുടെ ദേശീയബോധത്തെ രൂപപ്പെടുത്തുന്നതിലും ഇന്ത്യയിലെ ആധുനികജീവിതത്തെ നിയന്ത്രിക്കുന്നതിലും സംസ്കൃതത്തിനുള്ള പങ്ക് ഇന്നതാണെന്ന് ഒരോ അഭ്യസ്തവിദ്യനും അറിഞ്ഞിരിക്കേണ്ടതാണ്.

സംസ്കൃതത്തിനുണ്ടായ സ്വാധീനശക്തിയുടെ ചരിത്രം എളുപ്പത്തിൽ പറയാവുന്നതാണ്. വൈദികസംസ്കൃതം സംസാരിച്ചിരുന്ന ആര്യന്മാർ അവരുടെ ഭാഷ, സാഹിത്യം, ആരാധനാക്രമങ്ങൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിൽ വലിയ താല്പര്യം പ്രദർശിപ്പിക്കുകയുണ്ടായി. സാംസ്കാരികമായ അവരുടെ പ്രത്യേകതയേയും പരിപോഷണത്തേയും സുരക്ഷിതമാക്കുന്നതിൽ ബ്രാഹ്മണവർഗ്ഗം കാരണമായിത്തീർന്നു. അവരുടെ ഭാഷയിലായിരുന്നു അവർക്കുണ്ടായിരുന്ന ഏററവും അധികമായ ശക്തി നിലകൊണ്ടിരുന്നതു്. കൂടുതൽ ഫലപുഷ്ടിയുള്ള പ്രദേശങ്ങളെ ആരാഞ്ഞു് അവർ സപ്തസിന്ധുവിൽ (പഞ്ചാബിൽ) നിന്നു ഗംഗാതീരത്തേക്കു മാറിത്താമസിച്ചു. ആ ഘട്ടത്തിൽ അവർ ദ്രാവിഡവർഗ്ഗങ്ങളേയും മററു് അനാര്യവർഗ്ഗങ്ങളേയും അവരുടെ സാമുദായികവലയത്തിനുള്ളിലുൾപ്പെടുത്തി. എന്നാൽ പരിശുദ്ധിയും പാണ്ഡിത്യവും വായ്ച്ച ഒരു നേട്ടമായികരുതിവന്ന ബ്രാഹ്മണനായിരുന്നു അവരുടെ തലവൻ. സംസ്കൃതപഠനത്തിനും പ്രചരണത്തിനും വേണ്ടി അദ്ദേഹം തന്റെ സർവ്വകഴിവുകളും വിനിയോഗിച്ചുവരികയും ചെയ്തു.

ഗംഗാതടത്തിന്നപ്പുറം നിവസിച്ചിരുന്ന ആര്യന്മാർ കിഴക്കോട്ടു ബീഹാർ, ബംഗാൾ, ആസാം എന്നിവിടങ്ങളിലേയ്ക്കും, പടിഞ്ഞാട്ടു രജപുത്താന, ഗുർജ്ജരം, മഹാരാഷ്ട്രം എന്നിവിടങ്ങളിലേയ്ക്കും തള്ളപ്പെട്ടു. അതിനുശേഷം മദ്ധ്യദേശമായ ഗംഗാതടം ഇന്ത്യയുടെ ഹൃദയമെന്നോണമാണു നിലകൊണ്ടിട്ടുള്ളതു്. നമ്മുടെ സംസ്കാരം ആവിർഭവിച്ചതും പുഷ്ടിപ്പെട്ടതും അവിടെവെച്ചാണ്. അതിലെ ഉത്തമന്മാരായ

ധർമ്മവ്യതിക്രമമായുള്ള കർമ്മങ്ങൾ
സന്മാർഗ്ഗചാരികൾക്കൊത്തതല്ല,
ധർമ്മമധിഷ്ഠാനം സത്യത്തിനെപ്പോഴും
നിർമ്മലജ്ഞാനംതാൻ ധർമ്മപീഠം.
സ്വർഗ്ഗസോപാനമായുള്ളതു സത്യന്താൻ
മാർഗ്ഗനിരോധികളിന്ദ്രിയങ്ങൾ.
ഗാത്രമാംതേരിൽത്തന്നിന്ദ്രിയാശ്വങ്ങളെ-
ച്ചേർത്താത്മസാരഥിയാത്ര ചെയ്‌വൂ,
ആരഥികെത്രയോമെച്ചമാവാജികൾ
പാരമിണങ്ങിയ വർഗ്ഗമെന്നാൽ!
എത്ര സുഗമമോ, സായമിക്കീലോക-
യാത്രയെന്നജ്ഞർക്കറിഞ്ഞുകൂടാ.
ധർമ്മമൊരു പുറത്തപ്പുറം കാമവും
നിന്നഭിസഖ്യം വടംവലിച്ചാൽ
ഖണ്ഡാന്തരാളത്തിൽ തൂങ്ങുന്നകട്ടിപോൽ-
ത്തിണ്ടാടും മാനസമങ്ങുമിങ്ങും.
ധർമ്മത്തിൽരഞ്ജിച്ചു നിർത്തിത്താൻകാമത്തെ
കർമ്മത്തിലാക്കുവാൻ നോക്കിടേണം.
അർത്ഥവുമാവഴിക്കാർജ്ജിച്ചുകൊണ്ടാല-
നർത്ഥങ്ങൾകൂടാതെ നാൾകഴിക്കാം.
മക്കളും ധർമ്മവും ഭിന്നിച്ചിടംവലം
തിക്കുമ്പോൾ താതനിടത്തുചാഞ്ഞാൽ
തോല്ക്കുമൊടുക്കമപ്പന്തിരാനൽപ്പുത്രർപോൽ
നില്ക്കാനും നീങ്ങാനും സാധിക്കാതെ.
പാളുന്നമാനസം പാട്ടിലായ്നിർത്തുവാൻ
വാളൂരിനില്ക്കണം ധർമ്മബുദ്ധി".

(തുടരും)

ക്ക് ഉത്തേജനം സിദ്ധിച്ചിട്ടുള്ളതും അവിടെനിന്നുതന്നെ. അതിന്റെ മേന്മയേറിയ ആദർശങ്ങൾ ആവിഷ്കരിക്കപ്പെട്ട ബ്രഹ്മാവർത്തമാണ് അതിന്റെ ആരാമഭൂ. സരസ്വതി, ഗംഗ, യമുന എന്നിവയുടെ തീരങ്ങളിൽനിന്നു ബ്രഹ്മപുത്ര, ഗോദാവരി, നർമ്മദ, കൃഷ്ണ എന്നിവയുടെ തീരങ്ങളിലേയ്ക്കു ബ്രാഹ്മണർ അതിനെ പിടിച്ചു നട്ടുവളർത്തിവന്നു.

സപ്തസിന്ധുവിലെ ആര്യന്മാരുടെ വൈദികസംസ്കൃതം മധ്യദേശത്തിലെ ശ്രേഷ്ഠമായ സംസ്കൃതമായിത്തീരുകയും, ബി. സി 800-ാമാണ്ടിടയ്ക്ക് അതു നമ്മുടെ സംസ്കാരത്തിന്റെ പാവനകേന്ദ്രമായിത്തീരുകയും ചെയ്തു. ബി. സി. 500-ൽ പാണിനി അതിന്റെ വ്യാകരണത്തെസ്സംബന്ധിച്ചുള്ള അടിത്തറ കെട്ടി. അതുപോലെതന്നെ ഉപനിഷത്തുക്കൾ തത്വജ്ഞാനപരമായ ആശയങ്ങളുടെയും, മനു അതിന്റെ നിയമപരമായ വശങ്ങളുടെയും, ഭാസൻ നാടകം കല എന്നിവയുടെയും, മഹാഭാരതത്തിന്റെയും പുരാണങ്ങളുടെയും ആദ്യപ്പതിപ്പുകൾ അതിന്റെ പാരമ്പര്യം ചരിത്രം എന്നിവയുടെയും അസ്ഥിവാരങ്ങളിടുകയുണ്ടായി.

കിഴക്കൻ പ്രദേശങ്ങളിലെ ഹിന്ദിയുടെ മൂലമായ പാലി, ഹിന്ദിയുടെ ജനയിതാവായ സൗരസേനിപ്രാകൃതം, മറാത്തിയുടെ പൂർവ്വരൂപമായിരുന്ന രാജസ്ഥാനി മഹാരാഷ്ട്രി എന്നിങ്ങനെയുള്ള പ്രാദേശികഭാഷകളായിരുന്ന സംസ്കൃതത്തോട് അടുപ്പമുള്ളവയും അതിൽനിന്നു പോഷണം നേടിയവയുമായ പ്രാകൃതഭാഷകൾ.

ഏ. ഡി. 500-ായപ്പോഴേയ്ക്കും നാഗരിലിപിയിലുള്ള സംസ്കൃതം ദേശീയഭാഷയായിത്തീർന്നു. കോടതികളിൽ ഉപയോഗിച്ചിരുന്നതും, നിയമങ്ങൾ ക്രോഡീകരിച്ചിരുന്നതും, മതം തത്വശാസ്ത്രം കല സംസ്കാരം ശാസ്ത്രം എന്നിവയെ പ്രതിപാദിക്കുവാനുപയോഗപ്പെട്ടിരുന്നതും നാട്ടൊട്ടുക്ക് ഈ ഭാഷതന്നെയായിരുന്നു. ഏ. ഡി. 500നും, 1000ത്തിനും മധ്യേ, ഇന്ത്യയുടെ തലസ്ഥാനം കന്യാകുബ്ജ (**Kanauj**) മായിരുന്നപ്പോൾ, രാജ്യത്തിലെ അഭ്യസ്തവിദ്യരെല്ലാം സംസ്കൃതം സംസാരിച്ചിരുന്നു. കൃഷ്ണാനദിക്കു വടക്കുള്ളവരെസ്സംബന്ധിച്ചു പ്രാകൃതവും അപഭ്രംശവും സാഹിത്യരംഗത്തിൽ ദ്വിതീയസ്ഥാനമാണു വഹിച്ചിരുന്നത്. 27തരം അപഭ്രംശമുണ്ടായിരുന്നു. അവയിൽ പലതും അഭിവൃദ്ധിപ്പെട്ടുവന്നതു സംസ്കൃതത്തിന്റെ സ്വാധീനശക്തിയാലായിരുന്നുതാനും.

ഏ. ഡി. ആയിരാമാണ്ടെത്തിയപ്പോഴേയ്ക്കും, സംസ്കൃതത്തിന്റെ സഹായത്താൽ ദക്ഷിണത്തിലെ കർണ്ണാടകം, തെലുങ്ക്, മലയാളം എന്നീ മൂന്നു ദ്രാവിഡഭാഷകൾ സാഹിത്യഭാഷകളായി വികാസം നേടിവിലസി. തമിഴും അതിന്റെ പ്രഭാവത്തിൻ കീഴിൽ വന്നു. കാരണം, ഏറ്റവും തെക്കേ അറ്റത്തുകൂടി സംസ്കൃതമാണു സംസ്കാരഭാഷയായി വർത്തിച്ചിരുന്നതു്. എട്ടാംനൂറ്റാണ്ടിലാണെന്നു തോന്നുന്നു ഒരു തമിഴൻ ഭാഗവതം രചിച്ചതു്. കേരളത്തിൽ ജാതനായ ശങ്കരൻ (ശങ്കരാചാര്യസ്വാമികൾ) ഭാരതത്തിലെമുഴുവൻ ആശയമണ്ഡലത്തെ അടക്കിവാഴുകയുമുണ്ടായി. അതുപോലെ തന്നെ പിന്നീടുണ്ടായ ആചാര്യന്മാരും. പതിനാറാം നൂറ്റാണ്ടുവരെ ഇതായിരുന്നു നില. ഏ. ഡി. ആയിരാമാണ്ടാകുമ്പോഴേയ്ക്കും, സംസ്കാരം മതം സാമുദായികവ്യവസ്ഥ എന്നിവയിൽ ഭാരതം ഒരവിഭാജ്യഘടകമായിത്തീർന്നു. സാംസ്കാരികമായ ഈ പ്രത്യേക സ്വാധീനശക്തി പ്രവർത്തിതമായിരുന്നതോ സംസ്കൃതം വഴിക്കും.

പതിനാലാം നൂറ്റാണ്ടിൽ തുർക്കികൾ ഇന്ത്യയിൽ സൈനികത്താവളങ്ങൾ ഉറപ്പിച്ചതോടുകൂടി ഇവിടെ പ്രശോഭിച്ചുകൊണ്ടിരുന്ന സംസ്കൃത സർവ്വകലാശാലകൾ നശിപ്പിക്കപ്പെട്ടു. ഡൽഹി, കിഴക്കൻ പഞ്ചാബ്, പടിഞ്ഞാറൻ മധ്യസംസ്ഥാനം എന്നിവിടങ്ങളിലും തുർക്കിപ്പടനായകന്മാരോ അഫ്ഗാൻ സൈന്യനായകന്മാരോ ചെറുസൈന്യത്താവളങ്ങൾ ഉറപ്പിച്ചിരുന്ന മറ്റുചില പ്രാദേശികതലസ്ഥാനങ്ങളിലും തുർക്കികളും ഇന്ത്യക്കാരും തമ്മിലുണ്ടായ ഇടപാടുമൂലം ഉൽഭൂതമായ ഒരു വെങ്കലഭാഷ നടമാടുവാനിടയായി. തുർക്ക് ഭരണം സ്ഥാപിതമായ സ്ഥലങ്ങളിൽ സംസ്കൃതത്തിനുപകരം വ്യവഹാരഭാഷ പേർഷ്യനായിത്തീർന്നു.

എന്നാൽ ഈ സങ്കുചിതസൈനികപരിധികൾക്കുപുറമെയെല്ലാം സംസ്കൃതം സനിഷ്കർഷം അഭ്യസിക്കപ്പെട്ടിരുന്നു. രാജ്യമൊട്ടുക്കുള്ള അനേകായിരം പാഠശാലകളിൽ അതാണു പഠിപ്പിക്കപ്പെട്ടിരുന്നതു് ഗവേഷണത്തിനുപയോഗപ്പെടുത്താവുന്ന ഒരു ജീവൽഭാഷയല്ലാത്തതായി അതു തീർന്നു. എന്നാൽ ഇഹത്തിലും പരത്തിലും ജീവിതത്തിന് അർത്ഥമുണ്ടാക്കിത്തീർക്കുന്ന സർവ്വസംഗതികളും അടങ്ങിയ ആ ഭാഷ 'അമരവാണി' എന്ന നിലയ്ക്ക് ആദരിക്കപ്പെടുകയാണുണ്ടായതു്.

എങ്കിലും സംസ്കൃതാഭ്യസനത്തിന്നുതകുന്നസ്ഥലങ്ങൾക്കു നാശം നേരിട്ടതോടുകൂടി ജനതയുടെ പ്രാദേശികഭാഷകൾക്കെല്ലാം സാഹിത്യപരമായ ഒരു പുനരുജ്ജീവനമുണ്ടായിത്തീരുവാനിടവന്നു. പടിഞ്ഞാറൻ അപഭ്രംശത്തിൽനിന്നു പഞ്ചാബി പുറപ്പെട്ടു; ഗുജ്ജ

രി അപഭ്രംശത്തിൽനിന്നുണ്ടായ പടിഞ്ഞാറൻ രാജസ്ഥാനി ഒടുവിൽ മീവാറി ജയപുരി, മാർവാറി, ഗുജറാത്തി എന്നിങ്ങനെ നാലായി പിരിഞ്ഞു; കിഴക്കൻ അപഭ്രംശത്തിൽനിന്ന് അഭിവൃദ്ധി നേടിയതാണ് അവധി, ബാഗെലി, ഛാററിസ്ഗരി എന്നിവ; ഭോജപുരി, മൈഥിലി, മാഗധി എന്നീ വൈവിധ്യങ്ങൾ ബിഹാറിക്കുണ്ടായി. ഒരേ മാതിരിയുണ്ടായിരുന്ന പഴയഭാഷയിൽനിന്നുണ്ടായ പ്രസ്തുത പരക്കെ അറിയപ്പെട്ട പിരിവുകൾക്കു സംസ്കൃതസഹായത്തോടുകൂടി അവയുടെ ഉൽക്കർഷത്തിനായി ഉത്സാഹിച്ച കർത്താക്കൾ ഐകരൂപ്യവും ആശയപേളച്ച്യും വരുത്തിവെച്ചു. ശാന്തസമ്പ്രദായക്കാരും ഭക്തിസിദ്ധാന്തികളുമായിരുന്ന കവികൾ ഒരു മഹനീയമായ സാഹിത്യപ്രസ്ഥാനത്തിനുള്ള അടിക്കല്ലിട്ടു. ഭാഗവതം, ഗീതാഗോവിന്ദം എന്ന പ്രസിദ്ധ മഹാകാവ്യങ്ങളായിരുന്നു ഇതിന്നു അവർക്കു ദിവ്യപ്രേരണ നൽകിയതു്. മദ്ധ്യദേശത്തിൽ കബീരും തുളസീദാസും സൂരദാസും, രജപുത്താനയിൽ മീരാബായിയും, ഗുജറാത്തിൽ നരസിംഹമേത്തയും, ബംഗാളിൽ വിദ്യാപതിയും ചണ്ഡിദാസനുമായിരുന്ന ഇതിന്റെ പ്രസിദ്ധ പ്രതിനിധികൾ.

ഏ. ഡി 1400മുതൽ1850വരെ ഇന്ത്യമുഴുവൻ പ്രചരിച്ചിരുന്ന ഉത്തമമായ സാഹിത്യഭാഷ വ്രജഭാഷയായിരുന്നു. ഇതു സൗരസേനി അപഭ്രംശത്തിൽനിന്നുണ്ടായിത്തീർന്നതാണ്. സംസ്കൃതത്തിൽനിന്നു ഇതിന്നു വലിയ പോഷണം ലഭിക്കുവാനുമിടവന്നു. ഉദയപുരത്തുകൂടിയ ഹിന്ദിസാഹിത്യസമ്മേളനത്തിൽവെച്ചു ഞാൻചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ഉർദ്ദുവും തമിഴും ഒഴിച്ചു മറെറല്ലാ ഇന്ത്യൻ ഭാഷകളിലുള്ള കവിതകളിൽനിന്നും പല ഭാഗങ്ങൾ ഉദ്ധരിച്ചു് സംസ്കൃതത്തിന്റെ പല അംശങ്ങൾ ഇവയിലെല്ലാം പൊതുവിൽ പ്രകാശിച്ചിട്ടുള്ളതെങ്ങനെയെന്നു വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭമായപ്പോഴെയ്ക്കും ഇന്ത്യയിൽ ഒരു പുതിയ യുഗം ആവിർഭൂതമായി. ബ്രിട്ടീഷുകാരുടെ വിജയം ബുദ്ധിപരമായ നൂതനശക്തിവിശേഷങ്ങളെ അയച്ചുവിട്ടു. പഴയ സാഹിത്യഭാഷകളുടെ വശീകരണശക്തി നഷ്ടപ്പെട്ടുവന്നു. അതിനാൽ എല്ലാ സംസാരഭാഷകളും അവയുടെ പരിവർത്തനത്തിൽ ഒരു നൂതനഘട്ടത്തിന്നു തയ്യാറായിരുന്നു. സദാശുകമുൻഷി മുതലായവർ ദൽഹിപ്രദേശത്തിൽ സംസാരിച്ചുവന്നിരുന്ന ഭാഷയായ "ഖാഡിബോലി"യെ അഭിവൃദ്ധിപ്പെടുത്തി; ആധുനികഹിന്ദിയെ ആവിർഭവിപ്പിച്ചു. രാമമോഹനറായിയും, ബങ്കിമനും ആധുനിക ബംഗാളിയെ പുഷ്ടിപ്പെടുത്തി. ചിപുലങ്കരു, തിലകനും ഇന്നത്തെ മറാത്തിക്കു അസ്ഥിവാരമിട്ടു. ഇങ്ങിനെ ആധുനികഭാഷകൾ പുതിയ വികാസവും ശക്തിയും ഉൾക്കൊള്ളുന്ന ഒരു പന്ഥാവിലൂടെ പ്രയാണം തുടങ്ങി. സംസ്കൃതസഹായത്തോടുകൂടി പുതിയ ആശയങ്ങളും ആവശ്യങ്ങളും പ്രകാശിപ്പിക്കത്തക്ക പരിപുഷ്ടി നേടുകയെന്നതായിരുന്നു അവരുടെ ഉന്നം.

ഉദാഹരണമായി, 1855-ൽ ഗുജറാത്തിലെ ഒന്നാമത്തെ പുതിയ സാഹിത്യകാരനായ നർമ്മദ് എഴുതിയിരുന്നതു പ്രാകൃതമായ ഗുജറാത്തിയിലായിരുന്നു. 1885-ാവുമ്പോഴെയ്ക്കു് അദ്ദേഹത്തിന്റെ ഭാഷയ്ക്കു ശക്തികൂടി. ഗോവർദ്ധനരാം, നന്ദലാൽ എന്നിവരുടെ പരിശ്രമഫലമായി അതിന്നു കൂടുതൽ വൈപുല്യവും വ്യക്തതയും ചമൽക്കാരവും ഉണ്ടായിത്തീർന്നു. ഞാനും അതിന്നു കുറെ ഭംഗിയും ഔർജ്ജിത്യവും നൽകി. എല്ലാ സംഗതികളിലും വഴി ഒന്നുതന്നെയായിരുന്നു. പുതിയ ആശയങ്ങളും ചിന്തകളും വീക്ഷണഗതിയും വിശദപ്പെടുത്തുവാൻ സംസ്കൃതവിഭവങ്ങളെ ഉപയോഗപ്പെടുത്തുകയാണുണ്ടായതു്. ഇംഗ്ലീഷിന്റെ സ്വാധീനശക്തികൊണ്ടു് ഈ പുതുമ ദേശീയബോധത്തിന്റെ ഒരു ഭാഗമായിത്തീരുകയും ചെയ്തു. തെലുങ്കും കന്നഡവും മലയാളവുംകൂടി ഈ രീതിക്കു അഭിവൃദ്ധമായി. നമ്മുടെ പുതിയ സർവ്വകലാശാലകൾ വളർത്തിവന്ന സംസ്കൃതപഠനാഭിരുചിയായിരുന്നു രാജ്യമൊട്ടാകെയുണ്ടായ ഈ സാഹിത്യപരമായ നവോത്ഥാനത്തിന്നു നിദാനം.

ഇതിൽനിന്നു നാം വലിയ "ഭ്രം ഭ്രമാരാ"യിരുന്നുവെന്നു് ആരും കരുതിപ്പോവരുതു്. പാശ്ചാത്യരുടെ ചിന്തകളും സ്ഥിതിവിശേഷങ്ങളും ഭാവനകളുംകൂടി നാം സ്വീകരിച്ചു. സംസ്കൃതസാഹിത്യമഹാരഥന്മാർ നമുക്കു സമ്പാദിച്ചുതന്ന സൗന്ദര്യബോധത്തെയും സാധനസമ്പത്തിനേയും നാം പുതുമട്ടിൽ ആസ്വദിക്കുകയുണ്ടായി. അങ്ങനെ ചെയ്യുന്നതോടൊപ്പം നമ്മുടെ സാംസ്കാരികമായ വീക്ഷണഗതി ആധുനികസ്ഥിതിഗതികൾക്കിണങ്ങുന്നതക്കവിധം ഫലിപ്പിക്കുകയും ചെയ്തു. എന്നാൽ പുതിയ ആശയഗതിയെ ഉൾക്കൊള്ളിക്കുന്നതിൽ അപഭ്രഷ്ടമായ പദത്തെ സംസ്കൃതത്തിന്റെ മൂലത്തോടൊപ്പിക്കുന്നതാക്കുകയാണു നാം ചെയ്തതു്. പുതിയ അർത്ഥത്തെ പ്രകാശിപ്പിക്കുന്നതിന്നു് ഉചിതമായ സംസ്കൃതപദത്തെ കടം വാങ്ങുകയോ അല്ലെങ്കിൽ ഏതാണ്ടു് അർത്ഥം വരുന്ന പദത്തെ സ്വീകരിക്കുകയോ ആണുണ്ടായതു്. ഉപയോഗത്തിലുണ്ടായിരുന്ന സംസ്കൃതേതരപദങ്ങളും മുമ്പില്ലാതിരുന്ന സംഗതികളെ കുറിക്കുവാൻ ഇംഗ്ലീഷുപദങ്ങളും നാം നിർബാധം അംഗീകരിച്ചു. ഈ വമ്പിച്ച രസസിദ്ധിക്കു

എൻെറ പരിതാപം.

(ശ്രീ. കെ. അച്യുതജ്യോത്സ്യർ, മഞ്ഞളൂർ)

I

നമസ്തസ്മൈ,സതതം,ലോക-ശരണ്യായ,മഹാത്മനേ
സമ്യക്‌ചാരയതേ,നിത്യം-സൽപഥം/ധർമ്മതല്പരാൻ. [1
ജാത്യാചാരമതാഭിമാനരഹിത,
സ്സർവ്വേഷു,ജന്തുഷ്വപി
പ്രേമാർദ്രീകൃതചിത്തവൃത്തി,രനിശം
ഗീതാപഥം. ശ്വാഗ്രണീ:
പ്രാജ്ഞാനാ,മഖിലാഗമശ്രുതികലാ-
വേത്താ,മഹാത്മാ,ഹതോ
ദുഷ്ടേന,തിവഃപാ,ഭിനത്തി,ഹൃദയം,
കഷ്ടം,വപുസ്സീദതി. 2
നാഥൂറാമ്പിതവിനായകഗോഡ്സെ
നാമകഃ,കലഹത,സ്സ്വാതിനീചഃ
തംസ്പൃതഃ,കിമുത,ഭാരതമാതു-
ർഹാ തപായെവ,ഹത,ഏഷമഹാത്മാ. 3
ആഃ പാപിൻ,സകലജനാനന്ദകന്ദ,മകരന്ദ
ദീനദുഃഖഹ,പ്യന്ദിന,മിമം,ദത്തചിത്തം,സുവൃത്തം
ക്ഷമാധഃ,സ്ഥാനം,സകലഹിത,മത്യന്തശുദ്ധം,ഗുണൌഘ
(ശൈല-
ബ്ദം,ശത്രുഞ്ജയക,മവധീ,സ്തവം,പാഹിന്തുഃ,കിമാസീഃ
അന്തർദ്ദധേ,ഭാരതവേശ്മഗാന്ധി- (4
ദീപോ,ജനഃ,ഖിന്ദതി,ഹാന്ധകാരാൽ
കദാനു,പശ്യേദിമ,മാർത്തിശാന്ത്യൈ
പ്രസന്നകാന്തിം,സകലാഭിവന്ദ്യം. 5
ലോകാനാം,വിനയാധാനാ,-ല്ലോകതാതോഭവാൻ
(ദ്ദൃഢം
ആകുലോഹ,മനാഥോഹ-മതി,ക്ലിശ്യാതി,ഹാജനഃ 6
കം,പ്രാപ്നയു,ഹാശരണ,-മദ്യ.സത്യം,ദയാ,ക്ഷമാ
അഹിംസാ/സ്തേയമുഖ്യാസ്തു,-സൽഗുണാ,ശ്ചമഹാത്മ
(നാ. 7
ശരീരം,ശ്വാപതേ,കണ്ണു,-ശുഷ്യതേ,ദഹ്യതേ,മനഃ

വേണ്ടതൊക്കെ നൽകുന്നതിന്നു സംസ്കൃതം മാത്രമേ സമർത്ഥമായുള്ളു.

സംസ്കൃതത്തിന്ന് ഇന്നുള്ള സ്വാധീനശക്തി എളുപ്പത്തിൽ കണക്കാക്കാവുന്നതാണ്. ഇന്ത്യയിലുള്ള ഭാഷകളിൽ ഹിന്ദി, ഉർദു, ബീഹാറി, ബംഗാളി, ആസമീസ്, ഒറിയ, ഗുജറാത്തി, മറാത്തി, പഞ്ചാബി എന്നിവ ഘടനയിലും ശബ്ദകോശത്തിലും ഇൻഡോ-ആര്യൻ വകുപ്പിൽപെട്ടവയാകുന്നു. കർണ്ണാടകം, തെലുങ്ക്, മലയാളം എന്നിവ അധികവും സംസ്കൃതശബ്ദങ്ങൾ അടങ്ങിയവയാണ്. അമ്പതുമുതൽഎണ്പതുവരെ ശതമാനം സംസ്കൃതപദങ്ങൾ ഇവയിലുണ്ടായിരിക്കും. ശേഷിച്ച ഏകദ്രാവിഡഭാഷയായ തമിഴിൽ 40 ശതമാനം സംസ്കൃതപദങ്ങളാണുള്ളത്.

1931-ൽ 34,90,88000 ആളുകളാണ് ഇവിടെ ഇന്ത്യൻഭാഷകളും സംസ്കൃതഭാഷകളും സംസാരിച്ചിരുന്നത്. അവരിൽ 25,37,12,000 ആളുകൾ സംസ്കൃതകുടുംബത്തിൽപ്പെട്ട ഭാഷകൾ ഉപയോഗപ്പെടുത്തിവന്നു. സംസ്കൃതത്തോടു ഐക്യമായി ബന്ധപ്പെട്ട ദ്രാവിഡഭാഷകളാണു 4,67,18,000 ആളുകളുടേത്. 2,14,12,000 ആളുകൾ സംസ്കൃതം കലന്ന ഭാഷകൾ ഉപയോഗപ്പെടുത്തി. അതായത്, 100 ഇന്ത്യക്കാരിൽ 60പേർ ഘടനയിലും ശബ്ദകോശത്തിലും സംസ്കൃതത്തോടിണങ്ങിയ ഇൻഡോ-ആര്യൻ ഭാഷകളും, 13 ആളുകൾ സംസ്കൃതത്തിൻെറ സ്വാധീനശക്തി വർദ്ധമമായ ഭാഷകളും, 6പേർ സംസ്കൃതം കൂട്ടിക്കലർത്തിയ ഭാഷകളും സംസാരിച്ചിരുന്നു. 38പേരുടെ ലിപി ദേവനാഗരിയായിരുന്നു. അതിനോടടുപ്പമുള്ള ഒരു ലിപിയായിരുന്നു 27 പേരുടേത്. 20പേരുടേതു ദ്രാവിഡലിപിയായിരുന്നു.

ഇന്നത്തെ ഇന്ത്യയെപ്പററി പ്രസ്താവിക്കുന്നതായാൽ (അതായതു ബർമ്മയും പാക്കിസ്ഥാനും കൂടാതെ) 100പേരിൽ 45പേർ ഹിന്ദിയും, 25പേർ സംസ്കൃതകുടുംബത്തിൽപ്പെട്ട ഭാഷകളും സംസാരിക്കുന്നു. ബാക്കിയുള്ള 30പേരിൽ 24പേർ ദ്രാവിഡഭാഷകളാണു സംസാരിക്കുന്നത്. അതിൽ 16 ഭാഷകൾ സംസ്കൃതശബ്ദങ്ങൾ ധാരാളം ഉൾക്കൊണ്ടിട്ടുള്ളവയാണ്. ബാക്കി എട്ടെണ്ണത്തിൽ സംസ്കൃതക്കലർപ്പുമുണ്ട്.

അതുകൊണ്ടു സംസ്കൃതമാണ് ഇന്ത്യയിലെ ഏററവും ശക്തിയായ പൊതുബന്ധം. അതിനാൽ അതു പഠിക്കുന്ന ഏതു വിദ്യാർത്ഥിയും നമ്മുടെ സാമൂഹ്യബോധത്തിലടങ്ങിയ തത്വങ്ങളെ ഗ്രഹിക്കുകയും, അതിൻെറ വിശദീകരണത്തിനുള്ള ഉപകരണമായിത്തീരുകയുംചെയ്യുന്നു. ആയാൾക്കുമാത്രമേ ഇന്ത്യയുമായി ഐക്യപ്പെട്ടിട്ടുണ്ടെന്നു ന്യായപൂർവ്വം അഭിമാനിക്കാവൂ. ആയാൾക്കു മാത്രമേ ഇന്ത്യയുടെ ഭൂതവും വർത്തമാനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന് അവകാശപ്പെടാവൂ. ആയാളാണു ദേശീയബോധത്തിൻെറ പ്രതിഷ്ഠാപനം നിർവ്വഹിച്ചിട്ടുള്ളത്.

പീത,സ്തവ,വാഗ്യശേന,-ഹാ,യാത്യക്ഷ്യന്ധതാം (ഗുരോ! 8

ശയ്യാ,പാഗ്നിമയീ,ഭാര്യാ-ഭക്തി,സ്സുവിഷസന്നിഭാ
സ്സ്നിഗ്ധഃ, പുത്ര,ശ്ച ഭവതി-തപ ഫിയോഗാ,ദ്രിപുഃ,പി
തഃ 9

സ്സാദനേ പാനേ,തഥായാനേ,-യാനേ,പമമ,നോ,മത്ഃ
യൽ,പശ്യാമി,മമാ,സ്സൈതൽ-കാനനം,സംകടാനനം.
താത,താതസാഹചര്യപ്രഭൃതിഗുണഗണാ-
സ്യ,ല്പതാമപ്യവിന്ദ-
ന്നേവം,ശോകാംബുരാശൗ,വഹ,വഹഹ,നിമ
ജ്ജാമി,ഭൂയഃ,പ്യപാരേ
യുഷ്മാഭി,സ്സർവ്വകാലേപി,ച,സഹചരതോ
ഭാരതീയാഗ്രനേതു-
ർവ്വിദപ്രദപര്യസ്യ,ദുഃഖാംബുധിഷു,ജവഹരാ-
ഖ,സ്യ,കാവാകഥാസ്യാൽ.

ആശന്നത്രിതയാജ്ഞ്യേഭ്യാ,-നിഖിലാ,മാംഗ്ലേയരക്ഷ (സാം
ഭൂഷ്യതൈ,രക്രമൈ,രേഷാം,-കരണൈ,രതിദുഃഖിതാം. (12

ഭാരതാംബാം,പരിത്രാതും,-വിമോക്തു,മപിബന്ധ (നാൽ
ആംഗ്ലേയരക്ഷസാ,മേവ,-പോഷ്പ്ത, രിതിസൽപുരേ
ഭൂതാസ്തായനഭഃക്ഷപാകരമിതേ, (13
കോലംബവർഷേ,ശുഭ
കന്യാമാസി,ശനേർദ്ദിനേ,ധൃതിലവേ,
ലഗ്നേ,ധടേ,സപ്തമേ
ജാതഃ,പുണ്യനിധി,സ്സമസ്തജനസ
മ്മാന്യോ,മഹാത്മാ,തുയോ
ഭൂമൈ,നിത്യ,മുദാരശാന്തികരുണാ
പാത്രായ,തസ്മൈ,നമഃ. 14

ത്യക്ത്വാ,സുഖാനി,നിഖിലാനി, പരോപകാരേ
സന്യസ്തചിത്തകമലസ്യ,മഹാത്മന,സ്തൽ
പാദാബ്ജപാംസു,രധികം,വിമലീകരോതു
ഹൃത്പ്പുണ്ഡ,മമ,രജോബഹുലം,ക്ഷണേന 15
നീഹാര,ഘോരപവനാതപവർഷബാധാഃ
ലോകോപകാരകൃതയേ,തപസ്സ്വ്യ.ഗാന്ധീ
സ്സ്നാനാദ്യനേകസുഖഭാഗ,മുപേക്ഷ്യ,യോവാ
കാരാധിവാസ,മകരോ,ന്നതി,രസ്തു,തസ്മൈ. 16

(വിദ്വാൻ, ശ്രീ. പൊന്നാത്തു നാരായണൻനായർ)

II

സ,സർവ്വജിത്യ,വഹി,തൈഷമാസേ
ദിവാകരേ,ഷോഡശഭാഗയാതേ
ക്ഷമോപദേശാർത്ഥ,മിവാ,മരാണാം
ദിവാ,"മഹാത്മാ,""പ്രയയൗ"ക്ഷമാവാൻ. 1
ജഗതാംമസ്തം,ഹി,ചഹനായകം, സ-
ദിവാഹ,മേവ സ്തു,നിതാന്തഭാന്താം
ഇതീവമത്വൈവ,വിഹായ കായം
ഹഹാ,"മഹാത്മാ ന"മഹാന്മഹാലഃ 2
വിധേ,ഭവാൻ,ഘാതുക,മസ്യ,കഷ്ടം
വ്യധാ,ദ്ഭൃത,ഘോര,മജാതശത്രോഃ
ക്ഷമാവതോ,വിശ്വജനീനവൃ-
വൃത്ത,സ്സദാ,കാമപരാങ്മുഖസ്യ. 3
കിമൂചതു,ഭവ,സത്യവാദിനം
ക്ഷമാം,ജനാഃമാസ്മ ഖഥാഹമേവ.
വിമുഞ്ചത,തിഷ്പ്രാസഭം,പ്രകൃത്യ
വിഹായ,താം,സപാദരമോഭഃവായൽ. 4
അഹോ"മഹാത്മൻ"മഹനീയവൃത്തേ
വിഹായ,മൽപ്രാണസമാ,ഭവന്തം
അഹം,കഥം,പ്രാണിമി,ഭ്രാതലസ്സ്-
ന്നിതി,പ്രജല്പൻ,വിലപത്യശേഷഃ 5
അപ്രാപ്തസംപ്രാപണതുപയോഗം
വിധായ,തല്പാലനകർമ്മഭാരം
നിധായ,തം,ജ്യാവരലാലഭേവ
സ്വാഃസ്ഥാസി, ഖദ്യുക്തമിദ ,മഹാത്മൻ. 6
പാശ്ചാത്യപാപൈ,രഭിഹത്യ,പാദൈ-
ന്നിപാതിതഃ കജ്ജലവൽപ്രണാല്യാം.
കിം,കിം,നദുഃഖം,സഭവാ,സ്സമൈഷീ.
സേഹേ,"മഹാത്മൻ"ജഗതാം,ഹിതായ 7
ഉപസ്ഥിതായാ,മപിഹന്ത,ശക്തൌ
ക്ഷമാ,ന,"തന്ത്രാജ്ഞ"ഗുണോത്തമം,താം
തഥാ,ഹി,ദേവി,നജഹാതി,കാന്തം
ക്ഷമേശ്വര,ഞ്ചാപിനഹപ്രിയതേ. 8
ബാർദ്ദൈ,ർദ്ദൈ,രേവ,വിധായ,കാരാ-
ഗൃഹം,സദാ,താപി,വിപീഡിതസ്യ
മനോ,നകിഞ്ചിച്ചലതിസ്മ,ധീരാ-
ദാത്തപ്രവൃത്തി,ർഹിസുനിശ്ചലൈവ. 9
കന്മാസി,മൂഢ,ത്യ,പുരാ,രിപൂണാം
ബലം,വിഭിന്ദൻ,വ ജിതാരിരേവ
ലേഭേ,മഹാഭാരതനാമരാജ്യം
സർവ്വ്വൈരസംഭാവ്യജയം,ഭവേത്സഃ. 10
ഉച്ചണ്ഡദണ്ഡ,രഭിഹന്യമാനേ
സ്വകീയലോകേ,ഭവത,സ്തു ചിത്തം
ഭീതി,ശ്ശോകാപോ,വ്യസനം,നകിഞ്ചിൽ.
പസ്പർശ,സാക്ഷം,തിമിരം,യഥാർക്കം 11
അതഃപരസ്മാൽ,സഹ,കേനകാര്യ-
സന്ദേഹകാലേ,ഖലു,മന്ത്രയേയം
ഇത്ഥം,വിചാര്യൈവ,വിഷണ്ണഭാവം
ധത്തേ,സദാ,ജ്യാവരലാലദേവഃ 12

ഗാന്ധിജി ദിവംഗതനായശേഷം എഴുതിയ പദ്യങ്ങളാണിവ

[illegible]

പാറുവിന്റെ പാചകവിദ്യ.

(ശ്രീ. പി. എൻ. മൂസ്സത്, ബി. എ., എൽ. ടി.)

— ഒന്നാംഭാഗം —

അന്നു തപാൽശിപായി പാച്ചുമാസ്റ്ററുടെ കയ്യിൽ കൊടുത്ത ഒരു കത്ത്, അതിന്റെ രൂപം അനല്പമാകത്തക്കവിധം മാസ്റ്ററുടെ അകത്ത് ഒരു കത്തൽ ഉണ്ടാക്കി. എരുമപ്പാറ സ്കൂളിൽ വാർഷാന്തരപരിശോധനയ്ക്കു സ്കൂൾ ഇൻസ്പെക്ടർ അടുത്ത ആഴ്ച വരുന്നുണ്ടെന്നുള്ള ഒരറിയിപ്പായിരുന്നു കത്തിലെ ഉള്ളടക്കം. ഇൻസ്പെക്ടർ മി. മുകുന്ദൻ ഒരു പുതിയ ആളാണ്. അയാൾ ഒരു ശുണ്ഠിക്കാരനാണെന്നുമാത്രമല്ല, എളുപ്പത്തിൽ തൃപ്തിപ്പെടുത്താൻ കഴിയാത്ത ആളുമാണെന്നാണ് പാച്ചുമാസ്റ്റർക്ക് അടുത്ത സ്കൂളുകളിൽനിന്നു കിട്ടിയ റിപ്പോർട്ട്. പക്ഷെ, പാച്ചുമാസ്റ്റർ ഭയപ്പെട്ടതതൊന്നുമല്ല. പുതിയ ഇൻസ്പെക്ടർ ഇംഗ്ലീഷിലല്ലാതെ ഒന്നും സംസാരിക്കില്ലെന്നുള്ളതായിരുന്നു മാസ്റ്ററെ വിഷമിപ്പിച്ചത്. പഴയ പ്രൈമറി പരീക്ഷയിൽ പാസ്സായശേഷം കുറേക്കാലം മാസ്റ്ററായി ജോലിനോക്കുകയും, പിന്നെ പ്രൈവറ്റായി ഹയ്യർ എലിമെണ്ടറി പരീക്ഷ പാസ്സാവുകയും ചെയ്ത ആളാണ് പാച്ചുമാസ്റ്റർ. എരുമപ്പാറയിലെ കച്ചവടക്കാർക്ക് മറ്റും എല്ലാ ഗവൺമെണ്ടു സർക്കുലറും വായിച്ച് അർത്ഥം പറഞ്ഞുകൊടുക്കത്തക്ക പരിജ്ഞാനം മാസ്റ്റർക്ക് ഇംഗ്ലീഷിലുണ്ട്. എങ്കിലും, ഇൻസ്പെക്ടരോടു സംസാരിക്കേണ്ടിവരുമ്പോൾ വല്ലതെറ്റും വന്നുപോയാലോ എന്നായിരുന്നു പാച്ചുമാസ്റ്ററുടെ ഭയം.

ഏതായാലും ഇൻസ്പെക്ടർക്ക് നല്ലൊരഭിപ്രായം തന്നെ ജനിപ്പിയ്ക്കണം എന്നു മാസ്റ്റർ തീർച്ചയാക്കി. എരുമപ്പാറ സ്കൂളിന്റെ മാനേജരും ഹെഡ്മാസ്റ്ററുമായി താൻ പ്രവൃത്തിയെടുത്തിട്ടുള്ള 10 കൊല്ലത്തിനിടയ്ക്കു ഒരു ഇൻസ്പെക്ടർപോലും സ്കൂളിനെക്കുറിച്ചു നല്ലൊരഭിപ്രായം പറയാതെ പോയിട്ടില്ല. ഇൻസ്പെക്ടരുടെ നോട്ടീസ്സ് കിട്ടിയ ഉടൻതന്നെ മാസ്റ്റർ വിവരം കുട്ടികളെയും സഹാദ്ധ്യാപകന്മാരെയും അറിയിച്ചു. താൻതന്നെ എല്ലാക്ലാസ്സുകളിലും ചെന്നു കുട്ടികളോടു, കുളിച്ച് കുറിയിട്ടു വൃത്തിയായ വസ്ത്രങ്ങൾ ധരിച്ചു, തേവണ്ടപ്പെട്ട പുസ്തകങ്ങളോടുകൂടി വരണമെന്നു കല്പിച്ചു. മാസ്റ്റർമാരോടു പാഠക്കുറിപ്പുകൾ എല്ലാം തയ്യാറാക്കിക്കൊണ്ടുവരാനും, ഇൻസ്പെക്ഷൻ ദിവസത്തെ പാഠങ്ങളെല്ലാം മാതൃകാരീതിയിൽതന്നെ പഠിപ്പിക്കാൻ വേണ്ടി ഒരുക്കംചെയ്യുവാനും ആവശ്യപ്പെട്ടു. അടുത്തൊന്നും ട്രാവലേർസ് ബങ്ക്ളാവില്ല. അതുകൊണ്ട് തന്റെ വീട്ടിന്നരികെയുള്ള ഒരൊഴിഞ്ഞ ഭവനത്തിൽ ഇൻസ്പെക്ടരുടെ താമസത്തിനും ഏറ്റ്പ്പാടുചെയ്തു. ഈവക ഒരുക്കങ്ങൾ ചെയ്തശേഷം റിക്കാർട്ടുകളും റിജിസ്റ്ററുകളമെല്ലാം റെഡിയാക്കിവെച്ച് ഇൻസ്പെക്ഷൻദിനവും പ്രതീക്ഷിച്ചു മാസ്റ്റർ അസ്വാസ്ഥചിത്തനായിരുന്നു. രണ്ടുദിവസത്തോളം നീണ്ടുനില്ക്കുന്ന ആ ഇൻസ്പെക്ഷൻ ഗ്രഹണത്തിൽ എന്തെല്ലാം ഗ്രഹപ്പിഴകളാണുണ്ടാവാൻ പോവുന്നതെന്നായിരുന്നു മാസ്റ്ററുടെ ഭയം.

പാച്ചുമാസ്റ്റർ പ്രതീക്ഷിച്ച ആ ദുർദ്ദിവസം വന്നുചേർന്നു. ഒരു വ്യാഴാഴ്ച രാവിലെ 10 മണിയ്ക്ക് ഇന്ത്യാമോട്ടർസർവ്വീസ്സുകാരുടെ ഒരു ബസ്സ് ഇൻസ്പെക്ടർ മി. മുകുന്ദനെ എരുമപ്പാറസ്കൂളിന്റെ പുരോഭാഗത്തിലിറക്കിവിട്ടു. പാച്ചുമാസ്റ്റർ ഓടിച്ചെന്നു ഇൻസ്പെക്ടരെ സ്വാഗതംചെയ്തു. ഇൻസ്പെക്ടർ ആവശ്യപ്പെട്ടതനുസരിച്ച് മാസ്റ്റർ അയാളെ സ്ക്കൂളിന്റെ എല്ലാ ഭാഗങ്ങളിലും കൊണ്ടുചെന്നു കാണിച്ചശേഷം ഹെഡ്മാസ്റ്ററുടെ മുറിയിലേയ്ക്കു കൊണ്ടുവന്നിരുത്തി. പൂച്ചയെക്കണ്ട എലികളെപ്പോലെ അദ്ധ്യാപകന്മാരെല്ലാം ക്ലാസ്സുമുറികളിൽ പതുങ്ങിക്കൂടി. കുട്ടികൾ ഇൻസ്പെക്ടരെ കാണാൻ ഉല്ക്കണ്ഠയോടുകൂടി അങ്ങുമിങ്ങും നോക്കിയിരുന്നു.

ഇൻസ്പെക്ടർ ഒരു സിഗററെറ്റെടുത്തു കൊളുത്തി വലിച്ചുകൊണ്ട് പാച്ചുമാസ്റ്ററോടിങ്ങനെ സംഭാഷണം ആരംഭിച്ചു:—

ഇൻസ്പെക്ടർ:—വാട്ട് ഈസ് ദി സ്ട്രെങ്ങ്ത്ത് ഓഫ് ദിസ് സ്ക്കൂൾ? (What is the strength of this school?)

മാസ്റ്റർ:—സ്ട്രെങ്ങ്ത്ത് ഹൺഡ്രെഡ് ഫിഫ്ടി, സാർ. (Strength hundred fifty, Sir,

ഇൻ:—ഹൌ മെനി ടീച്ചേർസ് ആർ വർക്കിങ്ങ് ഇൻ ദിസ് സ്ക്കൂൾ? (How many teachers are working in this school?)

മാ:—ആൾ ടീച്ചേഴ്സ് വെൽ വർക്കിങ്ങ്, സാർ. (All teachers well working, Sir)

ഇൻ:—വാട്ട്! ഹൌ മെനി ആർ ദെയർ? (What! How many are there?)

മാ:—ദെയർ ടൂ സേർ, ഹിയർ വൺ. (There two, Sir, here one.]

ഇൻ:—യൂ സീം ടു ബി സ്ററുപ്പിഡ്, യൂ കാൺട് അണ്ടർസ്ററാൻഡ് ഇംഗ്ലീഷ്. [You seem to be stupid. You can't understand English.]

മാ:—(ഇൻസ്പെക്ടരുടെ മുഖഭാവംകണ്ടു വിറച്ചുകൊണ്ട്) വി ഹാസ് ഇംഗ്ലീഷു നോ സേർ. [We has English no, Sir]

പ്രസാധകക്കുറിപ്പുകൾ.

സാഹിത്യം

ഗാന്ധിജിയുടെ 21-ാം വയസ്സിലെ ലേഖനങ്ങൾ:—

ലണ്ടനിലെ "വെജിറേററിയൻ" മാസികയിൽ 1891-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നതും, മഹാത്മാഗാന്ധി ആദ്യകാലങ്ങളിൽ എഴുതിയിരുന്നതുമായ ലേഖനങ്ങൾ, അദ്ദേഹത്തിന്റെ ഒരു ജീവിതചരിത്രകർത്താവായ മി. റോയ്‌വാക്കർ ഇതിനിടെ കണ്ടുപിടിച്ചിരിക്കുന്നു. ഗാന്ധിജയന്തിപ്രമാണിച്ചു പ്രസ്തുത ലേഖനങ്ങൾ ഇന്ത്യയിലെ ഹൈകമ്മീഷണറായ ശ്രീ. വി. കെ. കൃഷ്ണമേനോനു സമർപ്പിച്ചിരിക്കുന്നു. ഏതാണ്ടു 21 വയസ്സു മാത്രം പ്രായമുള്ളപ്പോൾ ഗാന്ധിജി നിയമവിദ്യാർത്ഥിയായി ഇംഗ്ലണ്ടിൽ താമസിച്ചിരുന്നകാലത്തെഴുതിയവയാണു ആ ലേഖനങ്ങൾ.

വള്ളത്തോളിന്റെ 70-ാം ജന്മദിനം:—

മഹാകവി വള്ളത്തോളിന്റെ 70-ാമത്തെ ജന്മദിനം ഈ വരുന്ന തുലാം 7-ാംനു-(ഒക്ടോബർ 23-ാംനു-) ശനിയാഴ്ചയാണ്. ആ സുദിനത്തിൽ ആ മഹാമനസ്കന്നു ആയുരാരോഗ്യഭാഗ്യാദികൾ നേരുവാനും, അദ്ദേഹത്തിന്റെ അപദാനങ്ങളെ കീർത്തിക്കുവാനും മററുമായി ചെറുതുരുത്തി "കേരളകലാമണ്ഡല"ത്തിന്റെ ആഭിമുഖ്യത്തിൽ അഭിനന്ദനീയമായ പല ഏർപ്പാടുകളും ചെയ്യുവാൻ തീർച്ചയാക്കിയിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യാനന്ദതുന്ദിലരായിരിക്കുന്നു. മഹാകവി വളരെക്കാലമായി കർമ്മവാക്കായങ്ങളാൽ ഭാഷാസാഹിത്യത്തിന്നും, കേരളീയകലകൾക്കും, സ്വരാജ്യത്തിന്നും വേണ്ടി ചെയ്യുന്ന മഹനീയമായ പരിശ്രമങ്ങളെ സർവ്വോപരി ആദരിച്ചു അദ്ദേഹത്തിന്റെ ബഹുമതിക്കായി സന്ദർഭാനുസാരേണ നടത്തപ്പെടുന്ന സകല ഏർപ്പാടുകൾക്കും കേരളീയരായ എല്ലാ ജാതിമതസ്ഥന്മാരുടെയും സഹായസഹകരണങ്ങൾ തികച്ചും ഉണ്ടാകുമെന്നു ഞങ്ങൾ ആത്മാർത്ഥമായി ആശിക്കുന്നു. നമ്മുടെ മഹാകവി ഇനിയും അനേകകാലം അരോഗദൃഢഗാത്രനായി തന്റെ മഹത്തായ തത്വോപദേശങ്ങളാൽ നമ്മെ അനുഗ്രഹിക്കുവാനും, കേരളീയകലകൾക്കു ആ മഹാശയന്റെ നേതൃത്വത്തിൽ പൂർവ്വാധികം അഭിവൃദ്ധി കൈവരുവാനും സംഗതി വരട്ടെയെന്നാകുന്നു ഈ സന്ദർഭത്തിൽ ഞങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന. കേരളകലാമണ്ഡലത്തിൽവെച്ചു തന്നെ അതിന്റെ സ്ഥാപകന്റെ ജന്മർക്ഷംപ്രമാണിച്ചു അന്നേദിവസം പൊതുയോഗം, പാട്ടുകച്ചേരി, നൃത്തങ്ങൾ, കഥകളി മുതലായവ നടക്കുന്നുണ്ടെന്നു കാണുന്നതും എല്ലാനിലയിലും സമുചിതമാണെന്നു സമ്മതിച്ചേ കഴിയൂ.

രാഷ്ട്രം

സംസ്ഥാനമൊട്ടുക്കെ മദ്യനിരോധനം:— മദിരാശിസംസ്ഥാനത്തിൽ ഇതിന്നു മുമ്പു മദ്യനിരോധനം നടപ്പാക്കാതിരുന്ന എട്ടുജില്ലകളിലും, മദിരാശിപട്ടണത്തിലും ഈ ഒക്ടോബർ മാസം-2-ാംനു-മുതൽ മദ്യവർജ്ജനനിയമം പ്രായോഗികമാവുകയും, അന്നേദിവസം ഉത്തരവാദപ്പെട്ട സകലഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടേയും, പൊതുജനങ്ങളുടേയും സഹായസഹകരണങ്ങളാൽ പ്രസ്തുതഏർപ്പാടു യാതൊരമംഗളത്തിന്നുമിടവരാത്തനിലയിൽ ഭംഗിയിൽ നടക്കുകയും ചെയ്തതായിട്ടറിയുന്നു. മനുഷ്യവർഗ്ഗത്തെ സദാചാരമാർഗ്ഗത്തിൽനിന്നു തെററിക്കുന്നതിന്നും, സമുദായാഭിവൃദ്ധിക്കു നാശോന്മുഖമായ നടവടികൾക്കിടയാക്കുന്നതുമായ ശപിക്കപ്പെട്ട മദ്യപാനമെന്ന ദുരാചാരം, മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ാംനു തന്നെ തീരെ നീക്കം ചെയ്യുവാൻ അധികൃതന്മാർ തീർച്ചപ്പെടുത്തിയതു എല്ലാനിലയിലും സമുചിതമായിട്ടുണ്ട്. ലോകരക്ഷയ്ക്കു എല്ലാംകൊണ്ടും മുന്നണിയിൽ നിൽക്കുന്ന ഒരു ഏർപ്പാടാണു മദ്യവർജ്ജനമെന്നു മുക്തകണ്ഠം ഉൽഘോഷിച്ചിരുന്ന മഹാത്മാഗാന്ധിയുടെ അനുഗ്രഹത്താലും, പൊതുജനങ്ങളുടെ ആനുകൂല്യത്താലും മേലിൽ ആ ദുരാചാരത്തിന്റെ അഭാവത്താൽ മദിരാശി സംസ്ഥാനത്തിലെ നാനാജാതിമതസ്ഥന്മാരായ സകലജനങ്ങളും നിശ്ചയമായും ഉത്തരോത്തരം അഭിവൃദ്ധിപ്പെടുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

ഇൻ:—സ്ററുപ്പിഡ്, കമോൺ. ലെററ് മി ഓബ്സേർവ് യുവർ ലെസ്സൻ. (Stupid, come on,let me observe your lesson]

ഇങ്ങിനെ പറഞ്ഞുകൊണ്ടെഴുന്നേററു ക്ലാസ്സിലേയ്ക്കു നടന്ന ഇൻസ്പെക്ടരെ പാച്ചുമാസ്ററർ അനുഗമിച്ചു.